THE CALICUT TIMES
Estd in 1979
മലയാളനാട്
FREE
Dubai ▸ 2010 ▸ June Last Week ▸ Volume:2 ▸ Issue:8 ▸ Pages:32 ▸ email:admin@malayalanaadu.com

Chief Editor: M.JoyVerghese
Executive Editors: Mrs.Sheela Paul, Mrs.Jiji Chakola
Editor: C.K.Jacob Joy
Managing Editors: Paul Chakola, Paul Joseph
Design: ziya-hu-zain
Printed and Published by M.Joy Verghese and Printed at Premier Offset Prints ,Clt.

08 ദുബൈയിൽ എയർ ഇന്ത്യയുടെ എഞ്ചിനീയറിംഗ് കേന്ദ്രം


12 മലയാളത്തിന്റെ കസ്തൂരിമാൻ

18 ഏറ്റുമുട്ടൽ പെലെ–മറഡോണ വക

22 ഭേദങ്ങൾ മായ്ച്ച് ഏഷ്യ

■ കവർസ്റ്റോറി ■ വൈക്കം മധു

ഗ്രൂപ്പില്ല,

ഇനി സൗഹൃദ വെടിമാത്രം

സംഘടനാ തെരഞ്ഞെടുപ്പു തുടങ്ങിയതേയുള്ളൂ, കേരളത്തിൽ കോൺഗ്രസിനകത്തെ ഐക്യം ശക്തിപ്പെട്ടു. മാർക്സിസ്റ്റു പാർടി കുപഠിക്കേതാണ്. കോൺഗ്രസിൽ ഗ്രൂപ്പുകൾ അന്യം നിന്നു കഴിഞ്ഞു..

ഒന്നാം ഗ്രൂപ്പ്, രാം ഗ്രൂപ്പ്, പതിനാറാം ഗ്രൂപ്പ്, വിശാല നാനൂറാം ഗ്രൂപ്പ് എന്നൊക്കെ മാധ്യമങ്ങൾ വച്ചുകാച്ചുന്നത് വെറുതെ. അരങ്ങു മുഷിയാതിരിക്കാൻ അവരുടെ അടവുനയം. സകലമാന ഗ്രൂപ്പുകളെയും പടിവച്ച് പിണ്ഡം വച്ചിട്ടു നാളെത്രയായി. അല്ലെങ്കിലും പൂജാരികൾ പലരുതാവാമെങ്കിലും സർവശക്തയായ മാഡം ഒന്നല്ലേയുള്ളൂ,
കരുണാകർജിയുടെ ചെറുതരം വെടിക്കെട്ടൊന്നും വെടിക്കെട്ടേയല്ല. പി.സി. ചാക്കോ ഒരു മുഴംമുമ്പേ അമിട്ടു പൊട്ടിച്ചപ്പോഴാണ് പാർട്ടിക്കു പുതുജീവൻ കിട്ടിയ സംഗതി നാട്ടിൽ ആഘോഷമായത്. ഇലക്ഷൻ സമയത്ത് പാർട്ടി സംസ്ഥാന പ്രസിഡന്റിന് ഒരു അധികാരവുമില്ല; അതിയാൻ കൽപ്പിക്കുന്നതിനു പുല്ലുവില, ഇങ്ങനെ ആ അമിട്ട് പൊട്ടിപ്പരന്നു. കേന്ദ്രം ഭരിക്കുന്ന പാർട്ടിയുടെ ചിന്ന നേതാവ് ഈ അബദ്ധവെടി പൊട്ടിച്ചതോടെ പാർട്ടി കേരള ഘടകം ഉഷാറായി. അവസരത്തിൽനിന്ന് നിർഭയം അടർത്തിയെടുത്താണ് മാധ്യമങ്ങൾ പതിവുപോലെ ഈ വെടിയൊച്ച നാട്ടുകാരെ കേൾപ്പിച്ചത്. സത്യത്തിൽ അത് അബദ്ധവെടിയായിരുന്നുവെന്ന് പെട്ടെന്നു മനസിലാക്കിയത് കേരളത്തിലെ ബുദ്ധികൂർത്ത നേതാക്കൾ മാത്രം. പാർട്ടി ഭരണഘടന വായിക്കാഞ്ഞതുകൊതു ചാക്കോച്ചനു പറ്റിയ ഒരു നോട്ടപ്പിശകേ ആ അല്ല, അബദ്ധം ആർക്കും പറ്റാം.

(ഇറാഖിലും അഫ്ഗാനിസ്ഥാനിലും അമേരിക്ക പരീക്ഷിച്ചു വിജയിച്ച 'ഫ്രത്ലി ഫയർ' മുമ്പ് മാധ്യമങ്ങളിൽ 'സൗഹൃദവെടിയായി' തർജുമ ചെയ്ത ക്രാന്തദർശികളായ സഹപ്രവർത്തകരെ നന്ദിപൂർവം ഓർക്കാതെ വയ്യ.)

ഈ അബദ്ധവെടിയോടെ ഉൾപ്പാർട്ടി ജനാധിപത്യം ഉറപ്പായോ എന്നു സംശയിക്കുന്നവർ ആരെങ്കിലും അവശേഷിച്ചിട്ടുതങ്കിൽ അതിനും പരിഹാരമായി. നമ്മുടെ കേന്ദ്രത്തിലെ കുട്ടിമന്ത്രി മുല്ലപ്പള്ളി രാമചന്ദ്രജി, ചെന്നിത്തലയുടെ അധികാരത്തെപ്പറ്റി ചാക്കോച്ചൻ പറഞ്ഞതിൽ തെറ്റില്ലെന്ന് പരസ്യമായി പ്രഖ്യാപിച്ചു വീതിയിൽ ചിരിച്ചതിന്റെ അർഥം പിടികിട്ടിയ ഒരാളും ഉൾപ്പാർട്ടി

Total money transfer solutions...
Demand Drafts
Bank Transfers
Foreign Exchange
Instant Money Transfers
www.uaeexchange.com
UAEXCHANGE®
Service is our Currency

PICKLES • PASTES • SINGLE SPICE POWDERS • PAPADS • INSTANT CURRY POWDERS
• BLENDED SPICE POWDERS & MASALAS • INSTANT BREAKFAST MIXES • INSTANT SWEET DISH MIXES

Now in stores across UAE!

Importer and Distributor : nmc trading المركز الطبي الجديد للتجارة new medical centre for trading

Call +971 4 2172833 for more details

ജനാധിപത്യം കോൺഗ്രസിലുടെ t ാ എന്ന് ഈ ജന്മത്തിൽ തർക്കില്ല.

പാർട്ടി ഭരണഘടനയിൽ ജില്ലാക്കമ്മിറ്റിക്കു വിധിച്ചിട്ടുള്ളത് 12 അംഗങ്ങളാണ്. ഇപ്പോഴുള്ളത് കേവലം 37 പേർ! കേരളത്തിലെ ജനസംഖ്യ നോക്കുമ്പോൾ ഇതു വെറും ശൂ. ഉൾപ്പാർട്ടി ജനാധിപത്യം അംബുജ സിമന്റു പോലെ ഉറയ്ക്കാൻ ഇതൊട്ടും കൂടുതല്ല. ഒരു 101 പേരെങ്കിലും കണിശമായും വേണം. കുറ്റിയറ്റ ഗ്രൂപ്പുകളിൽ നിന്ന് ര t ാളെങ്കിലും വേ t . ങ്ഹാ... എല്ലാം നടക്കും. നമുക്കു പ്രാർഥിക്കാം.

വലിയചക്ക ചെറിയചാക്കിൽ കൊള്ളുന്നതെങ്ങിനെ. ആഗോളനായി വളർന്നുകിടക്കുന്ന ശശി തരൂരിനെ പാർട്ടിയുടെ കൊച്ചു കേരളാഘടകത്തിൽ കുത്തിക്കൊള്ളിക്കുന്നതെങ്ങിനെ. പാർട്ടിയുടെ വലിയ ര t ു നേതാക്കൾ പഠിച്ചപണിയെല്ലാം നോക്കിയിട്ടും പറ്റുന്നില്ല. പന്ത് മാഡത്തിനു തന്നെ ഉരുട്ടിവിട്ടു തലയൂരേ t ിവന്നു. മുരളീധരന്റെ വിധിയും ഇതും ചേർത്തുവച്ച് പ്രശ്നമു t ാക്കൻ ആരും കൊതിക്ക t .

ഒരു കാര്യത്തിൽ അണികൾക്ക് ആശ്വസിക്കാം. അബദ്ധവെടിയോടെ പാർട്ടിയിൽ ജനാധിപത്യം പാറപോലെ ഉറച്ചു. ഇനി ആനയല്ല, അലുമിനിയം പട്ടേലു വിചാരിച്ചാലും ഇളകില്ല. സംശയം ഇപ്പോഴും മാറാത്തത് ലീഡർക്കു മാത്രമേയുള്ളൂ. പെട്ടിചുമന്നു തളർന്ന പലരും പുറത്തു നിൽക്കുമ്പോൾ പഴയമനസു വേദനിച്ചുപോകുന്നു. സ്വന്തം പയ്യനേപ്പോലും പടിക്കുപുറത്തുനിർത്തിയാണ് അശുക്കൾ ഈ കളി കളിക്കുന്നത്. എല്ലാം ആ ചെന്നിത്തലയുടെ പണിയാണ്. ഒരു ശത്രുസംഹാരപൂജ വേ t ിവന്നേക്കും.

ആന കൊടുത്താലും ആശ കൊടുക്കരുത്. ഗവർണറാക്കാമെന്നു പറഞ്ഞു കാരണോരെ കേന്ദ്രത്തിലെയും നാട്ടിലെയും ചില കുബുദ്ധികൾ കുറെ വട്ടംകറക്കി. ഇപ്പൊ മകനെ വട്ടം ചുറ്റിക്കുന്നതും കാണേ t ിവരുന്നു.

ഡൽഹിയിൽ ചെന്നാൽ പാർട്ടി അഖിലേന്ത്യാ സെക്രട്ടറിയായി കിരീടം വച്ചുകൊടുക്കുമെന്ന് ചില മാധ്യമങ്ങൾ എഴുതിവിട്ടത് ശുദ്ധഗതിക്കാരനായതുകൊ t് വിശ്വസിച്ചുപോയി. സൂട്ടുമൊക്കെയിട്ട് ഡൽഹിയിൽ ചെന്നു. പതീക്ഷയോടെ കാത്തിരുന്നു. അപ്പോളതാ പായുന്നു, തന്റെ തലയ്ക്കുമുകളിലൂടെ പന്ത് വീ t ും കേരളത്തിലേയ്ക്ക്. പഴയ അലുമിനിയം പട്ടേലും കൂട്ടരും കൈ കൊട്ടിച്ചിരിക്കുന്നു. പക്ഷെ സംശുദ്ധ കോൺഗ്രസുകാരനായതുകൊ t ും കേന്ദ്രത്തിലെ ചില കേരളന്മാർ കണ്ണിറുക്കുന്നതുകൊ t ും ആശ കൈവിട്ടിട്ടില്ല.

ഏതൊരു ഇന്ത്യൻ പൗരനുമുള്ള അവകാശമാണ് അഭിപ്രായസ്വാതന്ത്ര്യം. പാർട്ടിയുടെ പോഷകസംഘടനയായ ഐഎൻടിയുസി സംഘടനകളുടെ ഐക്യവേദി വിളിച്ച് പാലക്കാട് പ്രസംഗിക്കാൻ പോയതാണ്. അവിടെയും ശത്രുക്കളുടെ പാര. പാർട്ടിക്കുള്ളിൽ ഗൂഢമായി നുഴഞ്ഞുകയറാൻ ശ്രമിക്കുകയാണെന്ന് ആരോപണവും. ഇതുകേട്ടാൽ ഈ വലിയ പാർട്ടി ആരുടെയൊക്കെയോ കുടുംബവകയാണെന്നു തോന്നും. സായിപ്പു t ാക്കിയ പാർട്ടി മദാമ്മ (വായ്മൊഴി വഴക്കമാണേ...) ഭരിക്കുന്നു. അവിടെ കൃമികൾ പുളയ്ക്കുന്നത് എന്തിനാണെന്നാണ് ജൂനിയർ ലീഡർക്കു പിടികിട്ടാത്തത്.

ഈ പനി, പനി എന്നു പറയുന്ന സംഗതി നാട്ടിൽ തോരെപ്പാരെ നടക്കുന്നുവെന്ന് മാധ്യമങ്ങൾ പുരപ്പുറത്തുനിന്നു കൂവുന്നതിനർഥം? ശ്രീമതി ടീച്ചർ രാവിലെ പത്രം നോക്കി അന്തം വിട്ടു. ആരോഗ്യമമന്ത്രിയായിട്ട് ശ്ശിയായി. മാഡം അങ്ങനെയൊരു സാധനം ഈ നാട്ടിൽ ക t ിട്ടുള്ളതായി ഓർക്കുന്നേയില്ല. വല്ല തുമ്മലോ ചീറ്റലോ ജലദോഷമോ ഉ t ായിരിക്കാം. അതു കാണുന്ന മാത്രയിൽത്തന്നെ

അവിടത്തെ ആസ്പത്രികളിലെ ഡോക്ടർ മാരെ ദൂരേയ്ക്കു സ്ഥലം മാറ്റാറുമു t്. പിന്നെവിടുന്നാ ഈ പനി. പണി വേറെ നോക്ക് മാധ്യമങ്ങളേ നിങ്ങൾ.

പനി പടരുന്നു t്, ആളുകൾ ചാകുന്നു t് എന്ന് വേലിക്കകം അച്ചുക്കുട്ടി പൊട്ടിക്കുന്ന വെടികൊ t ാന്നും വിറക്കുന്നതല്ല ടീച്ചറുടെ പാർട്ടി. കേരളത്തിൽ പനി ഇല്ലെന്ന് ആർക്കും പറയാനാവില്ലെന്ന് ബാലൻ മന്ത്രി കൈനോക്കി പറഞ്ഞതോടെ പനിക്കു പന്തലും കസേരയുമായി ടീച്ചർ മന്ത്രി ഓടിക്കിതച്ചെത്തി. കാരണം, ഇന്ത്യക ഏറ്റവും നല്ല മുഖ്യമന്ത്രി വി.എസാണെന്ന് ബാലൻ മന്ത്രി ഒറ്റനടയ്ക്കു പറഞ്ഞു കഴിഞ്ഞിരിക്കുന്നു.

വക്കീലായതുകൊ t ു മാത്രമല്ല മാന്യനായതുകൊ t ും, കോടതിയെപ്പറ്റി മന്ത്രി വിജയകുമാറിന് അഭിപ്രായം പറയാൻ യോഗ്യതയില്ലെന്ന് ആരും പറയില്ല. കോടതികൾ സ്വന്തം കാര്യം നോക്കിയാൽപ്പോരാ മറ്റു ഭരണഘടനാ സ്ഥാപനങ്ങളുമായി ചേർന്നുകൂടി പ്രവർത്തിക്കണമെന്ന് ഹൈക്കോടതി ജഡ്ജി പങ്കെടുത്ത ചടങ്ങിൽ പറഞ്ഞപ്പോൾ അത് പാർട്ടിയുടെ ആവറേജ് നേതാവു പറയുന്നതുപോലെയായിപ്പോയെന്ന് വിജയകുമാർ മന്ത്രിക്കു മനസിലായത് വഴുതനങ്ങാ വാങ്ങേ t ിവന്നപ്പോഴാണ്. ചന്തയിൽ നിന്നല്ല വേദിയിൽ നിന്നുതന്നെ. മന്ത്രിമാർ കോടതിവിധി വായിക്കാതെ വിധിയുടെ വായും തലയും മാത്രം ക t് അഭിപ്രായം പറയുന്ന പതിവ് മാറ്റണമെന്ന് തുടർന്ന് പ്രസംഗിച്ച മുഖ്യാതിഥി ഹൈക്കോടതി ജഡ്ജി സി.എൻ രാമചന്ദ്രൻ നായർ തുറന്നടിച്ചപ്പോഴാണ് ചുയ്യ കൊടുത്താൽ വഴുതനങ്ങ കിട്ടാൻ വകുപ്പന്നെ മന്ത്രിക്കു ബോധം വന്നത്. പാർട്ടിനേതാവോ മന്ത്രിയോ ആയിരിക്കെ ബൂർഷ്വാ കോടതികളെക്കുറിച്ച് അഭിപ്രായം പറയുക നാട്ടുനടപ്പാണല്ലോ എന്ന ഉത്തമബോധ്യത്തിൽ നിയമന്ത്രി പറഞ്ഞുപോയതാണ്. ശകുനപ്പിഴയായിരിക്കും.

ബംഗാൾ വേറെ കേരളം വേറെ. റഷ്യയിൽ മഴ പെയ്താൽ ഇവിടെ കുടപിടിക്കുന്നവരാണെന്ന് പ t് കേശവദേവോ മറ്റോ പറഞ്ഞിട്ടില്ലേ, കമ്യൂണിസ്റ്റുകാരെ കളിയാക്കാൻ. എങ്കിൽ ബംഗാളിൽ വോട്ടിങ് ശതമാനം എള്ളിട കുറഞ്ഞതിന് സി.പി.എമ്മിനെ അടച്ച് കൊച്ചാക്കുന്നതെന്തിന്? സി..ഐ.എയും മാവോയിസ്റ്റുകളും ബി.ജെ.പിയും നീലാന്മാരും മതശക്തികളും സ്വത്വവാദികളും കുത്തക പത്രങ്ങളും ചേർന്ന് മമതയ്ക്കു കുറച്ചു വോട്ടുപിടിച്ചു കൊടുത്തുകാണും, അതും വെറും മുനിസിപ്പൽ ഇലക്ഷനിൽ. എന്നുവച്ച് ജനങ്ങൾ ഭൂരിഭാഗവും ഇപ്പോഴും സി.പി.എമ്മിൽത്തന്നെ ഇളകാതെ നിൽപ്പാണ്. നിയമസഭാ തെരഞ്ഞെടുപ്പു വരട്ടെ കാണാം, മമത ഏതു മാളത്തിൽ ഒളിക്കുമെന്ന്. വെയിലിൽ കുരുത്ത പാർട്ടിക്ക് മമത വെറും തൃണമൂലം!

പാർട്ടിയുടെ യുവസംഹങ്ങൾ ഗർജിക്കുക മാത്രമല്ല ഒരു കോളജ് നീറ്റായി അടിച്ചു തകർത്ത് അടിത്തറ ശക്തമാക്കിയിട്ടു t്. കോട്ടയത്തെ കോളജിൽ നടന്നത് അക്രമമാണെന്നു വേലിക്കകത്ത് മുഖ്യൻ പറയുന്നത്, ടീച്ചർ മന്ത്രിയുടെ ദിനുസിൽപ്പെട്ട ഒരുവെറും കാലവർഷ തമാശ! വിപ്ളവ പാർട്ടിയുടെ യുവാക്കൾ ലോകാരംഭം മുതൽ ഇന്നുവരെ എന്തെങ്കിലും അക്രമം നടത്തിയതായി ജയരാജ് സഖാവ് ഓർക്കുന്നതേതേതേയില്ല. വിപ്ളവരാഷ്ട്രീയം തുടങ്ങേ t ത് വിദ്യാലയത്തിലാണെന്ന കാര്യം പിള്ളാര് മാലോകരെ ആവർത്തിച്ച് ഓർപ്പിച്ചെന്നേയുള്ളൂ. സംഗതി തീരുംവരെ പോലീസ് നോക്കിനിന്നത് തീയറ്ററുകളിൽ നല്ല പടങ്ങൾ കാണാനില്ലാത്തതുകൊ t ുതന്നെ.

കണ്ണൂർ ജയിലിൽനിന്നു നാലുവ t ി മാരകവസ്തുക്കൾ ക t ടുത്തത്, ഈ ചീഞ്ഞ രാഷ്ട്രീയത്തിനിടയിൽ സുഗന്ധം പരത്തുന്ന വാർത്തയാണ്. തീരെ സ്വാതന്ത്ര്യമോ സൗകര്യങ്ങളോ ഇല്ലാത്ത സാഹചര്യങ്ങളിൽ–പത്രഭാഷയിൽ പറഞ്ഞാൽ കടുത്ത പ്രതികൂല സാഹചര്യത്തിൽ – പ്രതികളായ നമ്മുടെ ചില പിള്ളാര്, അഫ്ഗാനിസ്ഥാനത്തിൽ ഒരു ദിവസത്തെ യുദ്ധത്തിനുള്ള വക സ്വന്തമായി ഉത്പ്പാദിപ്പിച്ചെങ്കിൽ, ഇവരെ രാജ്യരാക്ഷാവകുപ്പിലോ ഡി.ആർ.ഡി.ഒയിലോ അടിയന്തരമായി ഉന്നതസ്ഥാനങ്ങൾ നൽകി നിയമിക്കണമെന്നാണ് കേരളത്തിന്റെ ലളിതമായ ഒരാവശ്യം. കുറഞ്ഞപക്ഷം അവർക്കു ഗിന്നസ് ബുക്കിലേയ്ക്കു പോകാൻ വഴിക്കാശെങ്കിലും കൊടുത്തയക്കണമെന്ന് മുട്ടിപ്പായി പ്രാർഥിക്കുന്നു. ജയിലിലാണെങ്കിലും പ്രതികൾ പ്രതി(ഭ)കൾ തന്നല്ലോ. പ്രാത്സാഹനമു t ങ്കിൽ, അമേരിക്കയെപ്പോലും ഭസ്മമാക്കാവുന്ന ബോംബുകൾ ക t ുപിടിക്കാൻ ഈ സ്വയംസംരംഭകർക്കു കഴിഞ്ഞേക്കും. ഹാറ്റ്സ് ഓഫ് ടു ടുയു!

മന്ത്രി തോമസ് മാഷ് ധിറുതി പിടിക്കരുത്. ഇവിടത്തെ സഖാക്കൾക്ക് ഉടനെ ചൈനയിൽ പോയി പഠിക്കാൻ ബുദ്ധിമുട്ടു t്. മാഷ് അവിടെ പലതും ക t ുകാണും. അതു ക t ു ഞെട്ടാൻ സഖാക്കളെ അങ്ങോട്ടു ക്ഷണിക്കരുത്. മാഷ് ഇവിടെ ഞങ്ങൾക്കു പണി പലതു കിടക്കുന്നു. മതശക്തികളുടെ പല വിദ്യാഭ്യാസ സ്ഥാപനങ്ങളും അടിച്ചുതീർക്കാൻ പെരുത്ത സാമൂഹികബാധ്യത കിടക്കുന്നു. അണക്കെട്ടു പദ്ധതികൾ അഴിമതിയുടെ കൂടാരങ്ങളാണ്, അതു തകർക്കണം. ചാട്ടങ്ങൾ ഒഴിവാക്കാൻ ജയിലുകളിൽ എ.സി., നീന്തൽക്കുളം, കാബറേ, ബാർ, എ.കെ. 47 തുടങ്ങിയ അത്യാവശ്യ സൗകര്യങ്ങൾ ഒരുക്കണം. അങ്ങനെ പല പല പരിഷ്ക്കാരങ്ങൾ. വർഷം ഇനി ഒന്നേയുള്ളൂ. അതുകൊ t്, മാഷ് പോയാട്ടെ, ഞങ്ങൾ ഇവിടെ നോക്കി നിന്നോളാം. നോക്കുകൂലി കൃത്യം എത്തിച്ചാൽ മതി.

പുരുഷ പീഡനമോ? ചരടായ് കുഴപ്പം

ഷീല പോൾ

കടുവയെ കിടുവ പിടിക്കുകയോ? സ്ത്രീകൾ പുരുഷൻമാരെ പീഡിപ്പിക്കുന്നുവെന്ന് പരാതിപ്പെട്ടു തുടങ്ങിയിരിക്കുന്നു. ഈ നൂറ്റാ t ിൽ പിടക്കോഴി കൂവുക മാത്രമല്ല. ചാടി പറന്ന്, ഞെരിഞ്ഞമർന്ന്, വലത്തുചാടി, ഇടത്തുചാടി കൊത്തുകയും, മാന്തുകയും പോർവിളി നടത്തുകയും, തോൽപ്പിച്ച് തുന്നം പാടിക്കുകയും ചെയ്യുന്നു e t ന്ന്, തെളിവുകൾ നിരത്തി ആണുങ്ങൾ ആക്രോശിക്കുന്നു, അപലപിക്കുന്നു. ഇതെക്കുറിച്ച് കൂലംകഷമായ ഒരു പഠനവും, അന്വേഷണവും ആവശ്യമായിരിക്കുന്നു. മിസ് കളരിയായിരുന്ന ആറ്റം മണമ്മേലെ ഉണ്ണിയാർച്ചയേയും, കുതിരപ്പുറത്തേറി വാളും പരിചയും ചുഴറ്റി, പോർക്കളത്തിൽ അടരാടാൻ റെഡിയായി നിൽക്കുന്ന ജാൻസി റാണിമാരെയും, കാടിന്റെ പേടിയും നാടിന്റെ മോടിയും ഗു t ായിസത്തിന്റെ റാണിയുമായിരുന്ന ഫൂലൻ ദേവിമാരെയും, പല ഭർത്താക്കൻമാരും സ്വപ്നത്തിൽ ക t ു ഞെട്ടുകയും, ആ നടുക്കത്തിൽ കിടക്കയിൽ നിന്ന് പൊങ്ങി പുറത്തു പോവുകയും ചെയ്യുന്നു e t ന്നാണ് പറച്ചിൽ. പe t ാക്കെ പതുക്കെ പയ്യാരം പറഞ്ഞിരുന്ന കാര്യം ഇന്ന് സദസ്സിൽ വിളിച്ചു കൂകി, രക്ഷക്കുള്ള വഴി തേടുന്നു. വിശ്വസിക്കാൻ നമുക്ക് പ്രയാസം.

പിടക്കോഴികൾ കൂകാൻ ശ്രമിച്ചു കാണും. എന്നാൽ പൂവൻ കൂകുന്നത്ര ഉച്ചത്തിൽ സമയാസമയങ്ങളിൽ അതേ ഈണത്തിൽ, അതേ രാഗത്തിൽ, താളത്തിൽ ആ ശബ്ദത്തിൽ പിടക്കു കൂകാൻ കഴിയുമോ? അതാണ് നമുക്കും ചെറിയൊരു സംശയം. എന്നാൽ തീർത്തും കള്ളമാണിവർ പറയുന്നതെന്ന് പറയാനും വയ്യാ. സ്ത്രീകൾ അബലകൾ എന്നു ഭാരതം പറയുമ്പോൾ, അങ്ങ് പടിഞ്ഞാറ് ***** ***** എന്നൊരു കരുതൽ സ്ത്രീകൾക്ക് കൊടുക്കുന്നതു കാണാം. എന്തിനും, ഏതിനും ഗ്രേറ്റും, ഫന്റാസ്റ്റിക്കും, എക്സലന്റും പറഞ്ഞ് കണ്ണുമിഴിച്ചിട്ട്, കാര്യം വരുമ്പോൾ സ്റ്റുപ്പിഡ് എന്നു വിളിച്ച് 'സലാം' പറയുന്നതിനു മുമ്പുള്ള സോപ്പിടീലാവാം. അതല്ലെങ്കിൽ പാർട്ടി മൂഡിൽ പറഞ്ഞു പോയതാവാം.

നാരികൾ ലോക വിപത്തിന്റെ നാരായ വേരുകൾ എന്നു പe t ഒരനുഭവസ്ഥൻ തന്ന സർട്ടിഫിക്കറ്റിനോടൊപ്പം "കനകം മൂലം കാമിനി മൂലം" "കലഹം പല വിധം ഉലകിൽ സുലഭം" എന്നു കുഞ്ചൻ നമ്പ്യാർ തുള്ളിക്കൊ t ു പാടി പദം പറയുമ്പോൾ പൗരാണിക ഗ്രന്ഥങ്ങളിൽ സ്ത്രീ ലക്ഷ്മിയാണെന്നും, കുടുംബത്തിന്റെ വിളക്കാണെന്നും, ദേവതയാണെന്നും, സ്ത്രീയെ ബഹുമാനിക്കുകയും, ആരാധിക്കുകയും ചെയ്യണമെന്നുമുള്ള സാരോപദേശം നമുക്ക് ലഭിക്കുന്നു. ആദിപരാശക്തിയായ സ്ത്രീ ശക്തിയാണെന്നും, നിർമ്മലയാണെന്നും നമ്മെ അടിവരയിട്ട് ഓർമ്മിപ്പിക്കുന്നു t ്.

മലയാളികൾ അത്ര പെട്ടെന്ന് ഒന്നിനെയും ആരെയും അംഗീകരിക്കാൻ തയ്യാറാവുന്നവരല്ല. ആദ്യം പരിഹാസം, പിന്നെ വിരോധം, ഒടുവിൽ അംഗീകാരം എന്നിങ്ങനെയാണ് നമ്മുടെയൊരു സ്റ്റൈൽ. പe t ാക്കെ ആളുകൾ മരിച്ചു കഴിയുമ്പോഴെങ്കിലും അംഗീകരിക്കുമായിരുന്നു. ഇപ്പോൾ തൂങ്ങിച്ചത്താൽ പോലും രക്ഷയില്ല എന്നതാണ് സ്ഥിതി. തൂങ്ങിച്ചത്തവന് തെമ്മാടിക്കുഴിയും, അവന്റെ മുതുകത്ത് ലോകം എറിയുന്ന കൽക്കൂമ്പാരങ്ങളും മാത്രം.

ക്ഷമയാ ധരിത്രിയായ സ്ത്രീ ദുർഗ്ഗയായ് തീരുന്നതിന്റെ കാരണങ്ങൾ നമുക്ക് തേe t ടിയിരിക്കുന്നു. പുതിയ തലമുറ വിദ്യാഭ്യാസത്തിന് മുൻഗണന കൊടുക്കുന്നവരും സ്വന്തം കാലിൽ നിൽക്കാൻ പരിശ്രമിക്കുന്നവരുമാണ്. വളരെ ശ്രദ്ധാപൂർവ്വം കാര്യങ്ങൾ വീക്ഷിച്ചു കൊ t ാണവർ വിവാഹ ജീവിതത്തിലേക്ക് പ്രവേശിക്കുന്നതും. എന്നിട്ടും വിവാഹ മോചനത്തിന്റെയും, ആത്മഹത്യകളുടെയും കണക്കുകൾ ഏറിക്കൊ t ിരിക്കുന്നു.

ര t ുപേരും അവരവരുടേതായ സ്വാർത്ഥ താൽപ്പര്യങ്ങൾക്കും, വ്യക്തിത്വത്തിനും കൂടുതൽ മുൻഗണന കൊടുക്കുന്നതു കൊ t ു കൂടിയാവണം ഈ പതനം സംഭവിക്കുന്നത്. ര t ു പേരും ഒരേപോലെ അന്നന്നത്തെ അപ്പത്തിനുള്ള വക തേടിക്കൊ t ു വരുന്നവരാണ്. അപ്പോൾ സ്ഥാനത്തിനും, മാനത്തിനും ഒരേപോലെ തുല്യ പദവി ആഗ്രഹിക്കുന്നതിൽ അതിശയിക്കാനില്ല. "താൻ പാടകം ചെയ്യുമ്പോൾ തന്റെ ഭർത്താവ് വാഷിംഗ്മെഷീനിൽ തുണി കഴുകാനിടണം എന്നു ശഠിക്കുന്ന ഭാര്യ" നീ പറയുന്നത് കേൾക്കാനെനിക്കു മനസ്സില്ല എന്നു ഭർത്താവ് പറയുന്നത് സ്ത്രീ പീഡനമോ, പുരുഷ പീഡനമോ? ഉദ്ദേശ ശുദ്ധിയെയും സാഹചര്യങ്ങളെയും മാനിക്കേ t വരല്ലേ നമ്മൾ.

ഒരു കുടുംബിനി കേരളത്തിലെ അവരവരുടെ ദിനചര്യകളെക്കുറിച്ച് പറയുന്നു. ര t ുപേരും ഭാര്യയും, ഭർത്താവും ഡോക്ടർമാരാണ്. ഹോസ്പിറ്റലിലെ ജോലിയും, പ്രൈവറ്റ് പ്രാക്ടീസും കഴിഞ്ഞ്, ക്ഷീണിച്ച് അവശരായി, ഡൈനിംഗ് ടേബിളിൽ ഭക്ഷണം വിളമ്പിക്കൊടുക്കുന്ന ഭാര്യയോടു പറയുന്നു. "തണുത്ത മരവിച്ച ചപ്പാത്തി എനിക്കു വേ t ാ. ഭാര്യയും ഭർത്താവും ഒരുപോലെ ജോലി ചെയ്യുന്നവർ. കുട്ടികളുടെ പഠിത്തകാര്യവും, വീട്ടുകാര്യവും ഭാര്യ തന്നെ നോക്കുന്നു. ജോലിക്കാരെ കിട്ടാനില്ലാത്ത കാലത്ത് പാർട്ടൈം ജോലിക്കാരുടെ സഹായത്തോടെയാണ് വീട്ടുകാര്യങ്ങൾ നീക്കുന്നത്. ഭർത്താവിനെക്കാൾ കൂടുതൽ ശാരീരികമായും, മാനസികമായും കഷ്ടപ്പെടുന്നത് സ്ത്രീകൾ തന്നെയെന്ന് ഇതിൽ നിന്നും നമുക്ക് മനസ്സിലാക്കാം. ഭർത്താവിന്റെ പരാതിയും, വഴക്കും കൂടിയാവുമ്പോൾ, സർവ്വംസഹയായ സ്ത്രീ ഒരു പുലിയായി ചീറ്റിയേക്കാം. അതിനെ പുരുഷ പീഡനമാക്കി മാറ്റിയാൽ മഹാ മോശം എന്നേ പറയേ t ൂ.

ഒരിക്കൽ ഒരു എൻജിനീയർ എന്നോടു ചോദിച്ചു. "എന്റെ തലയിലെ മുടി ക t ുവോ, വെറുതെ കഷ t ിയായതല്ല, എന്റെ ഭാര്യ തലയിൽ കുത്തിപ്പിടിച്ച് പറിച്ചെടുക്കുന്നതാണ്. സുന്ദരിയായ അവളെ ഞാനൊന്നു സ്പർശിക്കുവാൻ പോലും സമ്മതിക്കില്ല. അവൾക്കെന്റെ പണം മാത്രം മതി. അങ്ങിനെ കുറെ കുറ്റങ്ങൾ അദ്ദേഹം എന്റെ മുമ്പിൽ നിരത്തി. ഒടുവിൽ അവളെ ഇതൊക്കെയാണെങ്കിലും താൻ സ്നേഹിക്കുന്നുവെന്നും തറപ്പിച്ചു പറഞ്ഞു. ദൈവവിശ്വാസിയും, ശാന്തനും, സ്നേഹവാനുമായ ഒരു ഭർത്താവാണയാൾ എന്നു പ്രത്യക്ഷത്തിൽ നമുക്ക് തോന്നാം. പക്ഷെ ഭാര്യയുടെ ഭാഗം കേൾക്കുമ്പോൾ, നാവുകൊ t ് സ്നേഹിക്കുന്നുവെന്ന് പറയുകയും, പ്രവൃത്തിയിൽ സംരക്ഷണം കൊടുക്കാതിരിക്കുകയും, അന്യരുടെ വാക്കുകൾ കേൾക്കുകയും, അവരുടെ കൈയ്യിലെ വെറും കളിപ്പാവയാകുകയും ചെയ്യുന്ന ആളാണെന്നു നമുക്ക് മനസ്സിലാക്കാം. അനശ്വരനായ കവി വയലാറിന്റെ ഒരു ഗാനം ഉ t ്.

"സ്നേഹിച്ചു വലയുമ്പോൾ മറക്കാൻ പഠിക്കും
മനസ്സിനെപ്പോലും ചതിക്കാൻ പഠിക്കും"

എന്നാൽ ആ നല്ലവളായ ഭാര്യ സ്നേഹത്തിനു വേ t ി വലഞ്ഞപ്പോൾ അയാളെ മറക്കുകയോ, ചതിക്കുകയോ ചെയ്തില്ല. സ്നേഹത്തിനും സംരക്ഷണത്തിനും വേ t ി ശകാരിച്ചു, വഴക്കു t ാക്കി, ദേഹോപദ്രവമേൽപ്പിച്ചു. ഒടുവിൽ ദേവാലയങ്ങളിൽ തപസ്സിരുന്നു. അയാൾ അതൊന്നും ക t ില്ലെന്നു നടിച്ചു. സ്നേഹമൂർത്തിയായ ആ സ്ത്രീയുടെ പ്രവർത്തികൾക്കെല്ലാം വേറെ ഭാഷ്യം നൽകി. ഇന്ന് അവർ രോഗിണിയായി. ഒരു കിഡ്നിയും നഷ്ടപ്പെട്ടിരിക്കുന്നു. വലിയ ഒരു എൻജിനീയറായിട്ടും, പ്രായോഗിക ബുദ്ധി കാണിച്ചില്ല. ജീവിതത്തിൽ കിട്ടിയതെല്ലാം തന്നെ സ്തുതി പാടിയവർക്കും, കൂടപിറപ്പുകൾക്കും ഒക്കെയായി ചിലവഴിച്ചു. ഭാര്യക്കും ഏക മകൾക്കും വേ t ി കയറിക്കിടക്കാൻ ഒരു വീടു പോലും നിർമ്മിച്ചില്ല. സഹോദരിയെ പോസ്റ്റ് ഗ്രാജ്വേറ്റിനെക്കൊ t വിവാഹം കഴിപ്പിച്ചയച്ചപ്പോൾ സ്വന്തം മകളെ പന്ത്രാം ക്ലാസും ഡിപ്ലോമയുമുള്ള ഒരുവനെക്കൊ t ് വിവാഹം കഴിപ്പിച്ചു വിട്ടു. സ്വന്തം മകൾ ഇന്നും നരകിച്ചു ജീവിക്കുന്നു. ഈ വൈകിയ വേളയിൽ ആ ഗൃഹനാഥൻ കണ്ണീരൊഴുക്കുന്നു. സഹായം പറ്റിയവരും, കാര്യം ക t വരുമെല്ലാം ഈ സഹായിലെ കൊള്ളരുതാത്തവനെന്നും വിഡ്ഢിയെന്നും കുറ്റപ്പെടുത്തുന്നു. കാരണം അയാളിലെ ഉറവ വറ്റിയിരിക്കുന്നു. കോരിയെടുക്കാൻ അവർക്കിനി ഒന്നുമില്ല. "കുടുംബം വലക്കുന്നവന്റെ അവസാന വായുവത്രെ" എന്നൊരു വാക്യമു t ്. ഇന്ന് അദ്ദേഹത്തിന് വായു മാത്രം ശരണം. ഇപ്പോൾ അശരണയായ ഭാര്യയുടെയും, മകളുടെയും, മരുമകന്റെയും കരുണക്കായി യാചിക്കുന്നു. നല്ല കാലത്ത് ഭാര്യ പറയുന്നത് ശ്രദ്ധിച്ചില്ല. മനസ്സും ശരീരവും ഒരുപോലെ തളർന്നപ്പോൾ സ്വന്തം കുടുംബം മാത്രം ശരണം. വൈകിയ വേളയിൽ കണ്ണീരൊഴുക്കിയതു കൊe t ാ, മനസ്സാപപ്പെട്ടിട്ടോ ഫലമില്ലല്ലോ. ഇങ്ങനെ എത്രയെത്ര ജീവിതങ്ങൾ നമുക്ക് ചുറ്റും കാണാൻ കഴിയും.

സുഖലോലുപരും, അലസരുമായ സ്ത്രീകളുടെ തന്നിഷ്ടവും അനുസരണക്കേടും അനാസ്ഥയും മൂലം തകരുന്ന കുടുംബങ്ങൾ അനവധിയാണ്. എന്തൊക്കെ സുഖ:സൗകര്യങ്ങൾ ഉ t ായാലും ഭർത്താവ് ഭാര്യയുടെ സ്നേഹവും, കരുതലും ആഗ്രഹിക്കുന്നു. കുട്ടികൾ പെറ്റുമ്മയുടെ വാത്സല്യത്തിനും, സംരക്ഷണത്തിനും സാമീപ്യത്തിനുമായി കൊതിക്കുന്നു.

പുരാതന കാലത്ത് കുലപത്നികൾ തന്റെ ഭർത്താവിനെ കൺക ദൈവമായി കരുതി, സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്തിരുന്നു. സുഖത്തിലും ദു:ഖത്തിലും മാതാപിതാക്കൾ വടവൃക്ഷങ്ങളായി നിന്ന് സന്താനങ്ങൾക്ക് താങ്ങും തണലും സുരക്ഷിതത്വവും നൽകി. പരിപാലിക്കുകയും ത്യാഗം അനുഷ്ഠിക്കുകയും ചെയ്തു. ഭർത്താവിനെ അനുസരിക്കാതിരിക്കുകയും ബഹുമാനിക്കാതിരിക്കുകയും ചെയ്യുന്നതായാൽ വിദൂര ഭാവിയിൽ മക്കളും ര t ു പേരെയും അനുസരിക്കില്ലെന്നുള്ളതാണ് പരമാർത്ഥം. അസത്യം, സാഹസം, മായ, മൂർഖത, അതിലോഭം അപവിത്രത, നിർഭയത്വം എന്നീ ദോഷ ഗുണങ്ങളുള്ള സ്ത്രീകൾ, കുലവും കുടുംബവും നശിപ്പിക്കുന്നു. "ഞാൻ എന്റെ സുഖം" എന്നു കരുതി ജീവിക്കുന്ന സ്വാർഥ തല്പരരായ ആളുകൾ "ഇരിക്കുന്ന കൊമ്പ് മുറിക്കുന്നതു പോലെ"യാണ്. തത്തമ്മേ പൂച്ച, പൂച്ച എന്നു പറയാതെ, പുരുഷന്റെ ഗുണഗണങ്ങൾക്കൊത്ത് വരുന്നതായാൽ സ്ത്രീയിൽ നിന്ന് ഒരിക്കലും പീഡനം ഏൽക്കേ t ി വരില്ല. കുടുംബത്തിന്റെ നാഥൻ പുരുഷൻ തന്നെയായിരിക്കണം. സ്ത്രീ പുരുഷന്റെ ശക്തി സ്രോതസ്സായിരിക്കണം. പരസ്പര പൂരകങ്ങളായി വർത്തിക്കണം. വിഭിന്നങ്ങളായല്ല. കുടുംബത്തിന്റെ ലക്ഷ്മിയെ, ദുർഗ്ഗയാക്കാതെ കുടുംബത്തിനു വേ t ി സ്വയം അർപ്പിച്ചു കൊ t ് ജീവിക്കുമ്പോൾ കരുണായിയായ സ്ത്രീക്ക് അവന്റെ തന്നെ വാരിയെല്ലിൽ നിന്നും കടഞ്ഞെടുത്ത ശില്പത്തിന്, തന്റെ പാതിയായ പത്നിയെ പീഡിപ്പിക്കാൻ കഴിയുമോ? ഈ ജീവിതമാകുന്ന നീരൊഴുക്കിൽ അച്ഛനും, അമ്മയും, മക്കളും, ഒരേപോലെ ഒറ്റക്കെട്ടായി ഒഴുകുമ്പോൾ നാം തിരിച്ചറിയും, ഈ പ്രപഞ്ചം എത്ര ലളിതം, സുന്ദരം, മോഹനം എന്ന്.

Pears®

Pears is a 200 years old tradition ...

Now in store across GCC!

CREATIVELINE

Pears Soap is a natural way to attain clean, healthy looking skin, especially made to take care of even the most delicate skin. Also contains high quality skincare ingredients like glycerin and natural oils which moisturize the skin while cleaning thoroughly yet gently.

SKIN CARE FOR GENERATIONS

Distributor:

المركز الطبي الجديد للتجارة
new medical centre for trading

+971 4 2658990,
+971 2 6734300.

ദുബൈയിൽ എയർ ഇന്ത്യയുടെ എഞ്ചിനീയറിംഗ് കേന്ദ്രം സ്ഥാപിക്കും

ദുബൈ: എയർ ഇന്ത്യാ വിമാനങ്ങളുടെ സാങ്കേതികത്തകരാറുകൾ ഉടൻ പരിഹരിക്കാൻ തിരുവനന്തപുരത്തും ദുബൈയിലും എഞ്ചിനീയറിംഗ് ഹബ്ബുകൾ സ്ഥാപിക്കുമെന്ന് നാഷണൽ ഏവിയേഷൻ കമ്പനി ഓഫ് ഇന്ത്യ ലിമിറ്റഡ് (നാസിൽ) ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ അരവിന്ദ് ജാദവ് അറിയിച്ചു.

യാത്രക്കാർക്ക് 24 മണിക്കൂറും വിവരങ്ങൾ ലഭിക്കുന്നതിന് കോൾ സെന്റർ സ്ഥാപിക്കും. വിമാനങ്ങൾ കേടു വരുമ്പോൾ യാത്ര വൈകുന്നത് ഒഴിവാക്കുന്നതിന് കരിപ്പൂരിൽ ഒരു അധിക വിമാനം നിർത്തിയിടും. ഗൾഫിലും ഒരും സ്റ്റാൻഡ്ബൈ വിമാനം പരിഗണനിയിലു t്. സുരക്ഷ കണക്കിലെടുത്ത് പഴയ വിമാനങ്ങൾ ഒഴിവാക്കും. പുതിയ അഞ്ചു വിമാനങ്ങൾ വാടകക്കെടുത്ത് സർവീസ് നടത്തും. ഒരു വർഷത്തിനിടെ 200 വിമാനങ്ങൾ എന്ന ലക്ഷ്യം കൈവരിക്കുകയാണ് ലക്ഷ്യം. ഗൾഫ് സെക്ടറിലെ യാത്രാ സേവനം മെച്ചപ്പെടുത്തുന്നതിനായി ദുബൈയിൽ ചേർന്ന ഉന്നതതല യോഗത്തിനു ശേഷം വാർത്താ സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

വിമാനങ്ങൾക്കു സംഭവിക്കുന്ന യന്ത്രത്തകരാർ പരിഹരിക്കാൻ മുംബൈയിൽ നിന്നാണ് ഇപ്പോൾ വിദഗ്ധർ എത്തുന്നത്. കേരളത്തിലായാലും ഗൾഫിലായാലും ഇതുമൂലം മണിക്കൂറുകളോളം സർവീസുകൾ വൈകുന്നതിനിടയാക്കുന്നു. ഇത്തരം സാഹചര്യങ്ങളിൽ യാത്രക്കാർക്ക് പ്രയാസമു t ാകുന്നതു പരിഗണിച്ചാണ് ദുബൈയിലും തിരുവനന്തപുരത്തും എഞ്ചിനീയറിംഗ് കേന്ദ്രം സ്ഥാപിക്കാൻ തീരുമാനിച്ചത്. അടുത്തമാസം അവസാനത്തോടെ സാധ്യമാക്കാനുള്ള നടപടികൾ പുരോഗമിക്കുകയാണ്. ഇതോടെ കേരളത്തിലെയും ഗൾഫിലെയും പ്രശ്നങ്ങൾ ഒരു പരിധിവരെ നിയന്ത്രിക്കാനാകും. യന്ത്രത്തകരാറുകൾക്ക് അതിവേഗ പരിഹാരം കാണുന്നതിന് വിദേശ എയർലൈൻ കമ്പനികളുടെയും ഏജൻസികളുടെയും സഹകരണം തേടും. പരിഹരിക്കാൻ കഴിയാത്തഘട്ടങ്ങളിൽ ഉപയോഗിക്കുന്നതിനാണ് കേരളത്തിലും ഗൾഫ് മേഖലയിലും ഓരോ വിമാനങ്ങൾ സജ്ജമാക്കിയിടുക. ഇതിൽ ഒന്ന് എയർ ഇന്ത്യക്കും ഒന്ന് എയർ ഇന്ത്യ എക്സ്പ്രസിനുവേ t ിയുമായിരിക്കും.

വിമാനം റദ്ദാക്കുന്നത് ഒഴിവാക്കുന്നതിനാണ് തീവ്രശ്രമം നടത്തി വരുന്നത്. കഴിഞ്ഞ വർഷം 5000 കോടി രൂപയാണ് യാത്ര മുടക്കലിലൂടെ നഷ്ടമായത്. ഗൾഫ് മേഖലയിലേക്ക് 200 സർവീസുകൾ ആരംഭിക്കുന്നതിനുള്ള സാഹചര്യം നിലനിൽക്കുന്നു t്. ഗൾഫ് സർവീസ് വികസിപ്പിക്കുന്നതിനായി നോൺസ്റ്റോപ്പ് സർവീസ് കൊ t ുവരും. പഴയ എ 320 എയർബസ് വിമാനങ്ങൾക്കു പകരം എ 319 എയർബസുകളാണിപ്പോൾ ഗൾഫിലേക്കു സർവീസ് നടത്തുന്നത്. പഴയ വിമാനങ്ങൾ ഘട്ടംഘട്ടമായി ഒഴിവാക്കുകയാണ്. എയർ ഇന്ത്യ ഇപ്പോൾ ഉപയോഗിക്കുന്ന 143 വിമാനങ്ങളുടെ പഴക്കം ശരാശരി ആറു വർഷമാണ്. ജീവക്കാരുടെ പെരുമാറ്റ ദൂഷ്യത്തെപ്പറ്റി പരാതികൾ

ലഭിച്ചിട്ടു t്. ഇവ പരിഹരിക്കുന്നതിനുള്ള നടപടികളും ആരംഭിച്ചിട്ടു t്. വിമാനയാത്ര സംബന്ധിച്ച് എല്ലാ വിവരങ്ങളും കോൾ സെന്ററിൽനിന്നു ലഭിക്കും. വിമാനങ്ങൾ വൈകുന്നതും പുറപ്പെടുന്ന സമയവുമെല്ലാം ഇവിടെ നിന്നും അറിയാനാകുമെന്നും അദ്ദേഹം പറഞ്ഞു. എയർ ഇന്ത്യ സ്വതന്ത്ര ഡയറക്ടർ എം എ യൂസഫലി, ഗൾഫ് റീജ്യൺ ഡയറക്ടർ അഭയ് പഥക്, അംബാസഡർ എം കെ ലോകേഷ്, ഇന്ത്യൻ കോൺസൽ ജനറൽ സഞ്ജയ് വർമ എന്നിവരും വാർത്താസമ്മേളനത്തിൽ പങ്കെടുത്തു.

സർവീസ് മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ദുബൈയിൽ നടന്ന ഉന്നത തലയോഗത്തിനു ശേഷം ചെയർമാൻ അരവിന്ദ് ജാദവ് വാർത്താ സമ്മേളനത്തിൽ സംസാരിക്കുന്നു. ദുബൈ കോൺസുൽ ജനറൽ സഞ്ജയ് വർമ, എയർ ഇന്ത്യ ഡയറക്ടർ എം എ യൂസുഫലി, അംബാസഡർ എം കെ ലോകേഷ് സമീപം

ഇത്തിഹാദ് യാത്രക്കാർക്ക് സ്വന്തമായി ചെക്ക് ഇൻ ചെയ്യാം

അബുദാബി: ഇത്തിഹാദ് വിമാനത്തിൽ യാത്ര ചെയ്യുന്നവർക്ക് അബുദാബി രാജ്യാന്തര വിമാനത്താവളത്തിലെ ഒന്ന്, മൂന്ന് ടെർമിനലുകളിൽ സ്വന്തമായി ചെക്ക് ഇൻ നടത്താവുന്ന സൗകര്യം ഏർപ്പെടുത്തി. യാത്രക്കാർക്കുള്ള സേവങ്ങൾ വർധിപ്പിക്കുന്നതിന്റെ ഭാഗമായാണ് സെൽഫ് ചെക്ക് ഇൻ കിയോസ്കുകൾ ഏർപ്പെടുത്തിയിരിക്കുന്നതെന്ന് അധികൃതർ വ്യക്തമാക്കി.

ടെർമിനൽ മൂന്നിൽ എക്കണോമി ക്ലാസ് യാത്രക്കാർക്കായി എട്ടു സെൽഫ് ചെക്ക് കിയോസ്കുകളാണ് സ്ഥാപിച്ചിരിക്കുന്നത്. ടെർമിനൽ മൂന്നിൽ പ്രീമിയം ചെക്ക് ഇൻ ഏരിയയിൽ r t ു കിയോസ്കുകളും സ്ഥാപിച്ചിട്ടു t്. യാത്രക്കാർക്ക് ലളിതമായി ഉപയോഗിക്കാവുന്ന വിധമാണ് കിയോസ്കുകളുടെ സജ്ജീകരണം. ബുക്കിംഗ് റഫറൻസ് നമ്പരോ ഇ-ടിക്കറ്റ് നമ്പരോ നൽകിയശേഷം പാസ്പോർട്ട് സ്കാൻ ചെയ്യാം. ഇത്തിഹാദ് ഗസ്റ്റ് കാർഡുള്ളവർക്ക് അതു കിയോസ്കിൽ ഇൻസെർട്ട് ചെയ്താൽ മതി. ഇവിടെ നിന്നു തന്നെ യാത്രക്കാർക്ക് തങ്ങളുടെ സീറ്റുകൾ തിരഞ്ഞെടുക്കുകയും ബോർഡിംഗ് പാസ് പ്രിന്റ് എടുക്കുകയും ചെയ്യാം. ബാഗേജ് ടാഗും ഇവിടെ നിന്നു ലഭിക്കും.

Refresh your body..
Revive your spirits..
Rejuvenate your soul..

member nmc

Indulge yourself in the exotic range of skin care and toiletries from neoCARE and celebrate the everlasting feel of beauty.

Harbor healthy living with neocare

neo CARE
Nurturing *life*

Available all across GCC • Liquid Hand Soaps • Body Wash • Beauty Soaps • Dishwashing Liquids • All Purpose Cleaner • Floor Cleaner • Antiseptic Disinfectant • Abaya Cleaner
For enquiries and feedback: Tel: 04 2274564, Fax: 04 2340771 E-mail: Info@neocare.ae Website: **www.neo-care.com**

ബിഹൈൻഡ് ദ സ്ക്രീൻ

നായർജി

പടിയിറങ്ങിപ്പോയ പാർവതിയേത്തേടി...

പാലക്കാട്ടെ അഗ്രഹാരത്തിൽ അയൽവാസികളാണ് പാർവതിയും ലക്ഷ്മിയും. കളിക്കൂട്ടുകാർ. ഇരട്ടകളെന്ന് തോന്നിയേക്കാവുന്നത്ര ഇഴയടുപ്പമുള്ളവർ. ചെറുപ്പത്തിലേ അമ്മ നഷ്ടപ്പെട്ട പാർവതി വളർന്നത് അക്ഷരാർഥത്തിൽ ലക്ഷ്മിയുടെ വീട്ടിലാണ്. സൗഹൃദത്തിനും പരസ്പരവിശ്വാസത്തിനും പുതിയ ഭാഷ്യം നല്കിയ ഈ കളിത്തോഴിമാർ അഗ്രഹാരത്തിന്റെ ഐശ്വര്യവും അഭിമാനവുമായി. സംഗീതകോളജ് വിദ്യാർഥികളായ ഇരുവർക്കും തമ്മിലൊളിക്കാൻ യാതൊന്നുമു t ായിരുന്നില്ല.

പക്ഷേ, പ്രായത്തിന്റെ പ്രസരിപ്പിൽ പാർവതിക്കു തോന്നിയ ഒരിഷ്ടം അവൾ ലക്ഷ്മിയിൽ നിന്ന് ഒളിച്ചുവയ്ക്കുന്നതോടെ അവർ തമ്മിലുള്ള ബന്ധം പുതിയ വഴിത്തിരിവുകളിലേക്കു കടക്കുകയാണ്. സംഗീത അധ്യാപകനായ ദേവാനന്ദായിരുന്നു പാർവതിയുടെ മനസ്സുനിറയേ.പ്രണയത്തിന്റെ സ്വപ്നലോകത്ത് സ്വരമധുരമായ ജീവിതാലാപനം കൊതിച്ച പാർവതിയുടെ ശ്രുതി തെറ്റി, ജീവിതത്തിന്റെ താളവും തെറ്റി. അങ്ങനെ ഒരു സന്ദിഗ്ധഘട്ടത്തിൽ തന്റെ ഉള്ളിലുള്ളതെല്ലാം അവൾക്ക് കൂട്ടുകാരിയോടു തുറന്നു പറയേ t ിവരുന്നു. ലക്ഷ്മിയിൽ നിന്ന് ഒരു പൊട്ടിത്തെറിയാണു t ാകുന്നത്. അതോടെ ലക്ഷ്മിയുടെ വീട്ടിൽ അവൾക്കിടമില്ലാതാവുന്നു. സത്യമറിയുന്ന അവളുടെ അപ്പ ഹൃദയം വിങ്ങി മരിക്കുന്നു. എല്ലാം ഒരുനിമിഷം കൊ t ു തകർന്നടിഞ്ഞപ്പോൾ പാർവതി ഭഗ്നഹൃദയയായി ഗ്രാമത്തോടു വിടപറയുന്നു. ലക്ഷ്മിക്കതിൽ കുറ്റബോധമു t ്.

പാർവതിയുടെ തിരോധാനത്തിൽ ഏറെ വേദനിക്കുന്ന മറ്റൊരാൾ ആ ഗ്രാമത്തിലു t ായിരുന്നു–തെങ്കാശി തങ്കരാജ്. ലോറി ഡ്രൈവറായ അയാൾക്ക് പാർവതിയെ ജീവനായിരുന്നു. ലോറിയുമായുള്ള അനന്തപ്രയാണങ്ങളിൽ പാർവതിക്കായി അയാൾ അന്വേഷണമാരംഭിക്കുന്നു. ഒരിക്കൽ ഒരു ക്ഷേത്രത്തിൽ വച്ച് ലക്ഷ്മി തന്റെ കൂട്ടുകാരിയെ ക t ു. യാചകക്കൂട്ടത്തിനിടയിൽ മനസ്സു നഷ്ടപ്പെട്ട അഗതിയായി...അവളുടെ കൈയിൽ ഒരു കുഞ്ഞുമു t ായിരുന്നു!

നിരൂപകശ്രദ്ധ നേടിയ നന്തുണി എന്ന സിനിമയ്ക്കു ശേഷം പ്രൊഡക്ഷൻ എക്സിക്യൂട്ടീവ് കൂടിയായിരുന്ന ഹരിനാരായണൻ സംവിധാനം ചെയ്യുന്ന നീലാംബരി എന്ന സിനിമയിലാണ് പാർവതിയുടെയും ലക്ഷ്മിയുടെയും അപൂർവ സൗഹൃദകഥ ഇതൾവിരിയുന്നത്. ഭാമയാണ് പാർവതി. വിദ്യ ലക്ഷ്മിയാവുന്നു. വിനീതാണ് ദേവാനന്ദ്.അനൂപ്ചന്ദ്രനാണ് തങ്കരാജാവുന്നത്.

സുരാജ് വെഞ്ഞാറമ്മൂട്, ഹരിശ്രീ അശോകൻ, കലാശാല ബാബു, അംബിക മോഹൻ, പൊന്നമ്മ ബാബു, ബിന്ദു രാമകൃഷ്ണൻ തുടങ്ങി ഒരു വൻ താരനിരതന്നെ ഈ ചിത്രിത്തിന് പിന്നിൽ അണിനിരക്കുന്നു. തിരക്കഥാ സംഭാഷണം–ഹരിപ്പാട് ഹരിലാൽ.ഛായാഗ്രഹണം–ശശി രാമകൃഷ്ണ. കൈതപ്രം ദാമോദരൻ നമ്പൂതിരിയുടെ ഈരടികൾക്ക് സഹോദരൻ കൈതപ്രം വിശ്വനാഥൻ ഈണം പകരുന്നു. ശ്രീലക്ഷ്മി ക്രിയേഷൻസിന്റെ ബാനറിൽ പ്രേമാനന്ദൻ തൃശ്ശൂർ നിർമിക്കുന്ന നീലാംബരി റിലീസിനു തയാറായിക്കഴിഞ്ഞു.

member nmc

പണമയക്കുന്നതിനുള്ള സമഗ്രവും അതിനൂതനവുമായ മാർഗ്ഗങ്ങൾ..

ഡിമാന്റ് ഡ്രാഫ്റ്റുകൾ
ബാങ്ക് ട്രാൻസ്ഫർ
ഫോറിൻ എക്സ്ചേഞ്ച്
ഇൻസ്റ്റന്റ് മണി ട്രാൻസ്ഫർ

Customer Care: +971 4 3535350 I customer.care@uaeexchange.com I www.uaeexchange.com

UAE XCHANGE®
Service is our Currency

XPRESS MONEY
Send now. Receive now.

WESTERN UNION
MONEY TRANSFER

മിനി ചാറ്റ്

■ നായർജി

മലയാളത്തിന്റെ കസ്തൂരിമാൻ

ചുരുങ്ങിയ കാലം കൊ t് ഇന്ത്യ ക t ഏറ്റവും മികച്ച നടിമാരുടെ പട്ടികയിൽ ഇടം നേടിയ നടിയാണ് മീരാ ജാസ്മിൻ. അന്തരിച്ച സംവിധായകൻ എ,കെ.ലോഹിതദാസ് ക t ത്തി മലയാളത്തിന് സമ്മാനിച്ച മണിമുത്ത്. മലയാളത്തിന്റെ കസ്തൂരിമാൻ തെന്നിന്ത്യയുടെ പ്രിയതാരമായി വളർന്നത് കണ്ണടച്ചു തുറക്കുന്ന വേഗത്തിലായിരുന്നു. അതോടെ വിവാദങ്ങൾ, പ്രണയബന്ധങ്ങളെക്കുറിച്ചുള്ള കിംവദന്തികൾ, പിടിവാശിയെക്കുറിച്ചുള്ള പഴികൾ പരാതികൾ...ഇടയ്ക്കു കുറേക്കാലം മീരയെ മലയാളസിനിമയിലേ കാണാനില്ലായിരുന്നു. പെട്ടെന്നാണ് മീര മിന്നായം പോലെ മടങ്ങിയെത്തിയത്. ശ്യാമപ്രസാദിന്റെ ഒരേ കടലിലിലെ ദീപ്തിയായി...വീ t ും ഇടവേള. അതുകഴിഞ്ഞിതാ രാജീവ് അഞ്ചലിന്റെ പാട്ടിൻെറ പാലാഴി എന്ന സിനിമയിലൂടെ ശക്തമായൊരു മടങ്ങിവരവിനൊരുങ്ങുകയാണ് മീര. മീരയുമായി കുറച്ചുസമയം...

എന്തായിരുന്നു ഇത്ര വലിയ ഇടവേളയ്ക്കു കാരണം?

ര t ു വർഷത്തിനു ശേഷമാണ് ഞാനൊരു മലയാള സിനിമയിലഭിനയിക്കുന്നത്.മലയാളം എന്റെ മാതൃഭാഷയല്ലേ. സത്യത്തിൽ, ഞാൻ മലയാളസിനിമയിൽ മാത്രമേ ഗൗരവത്തോടെ അഭിനയിക്കാറുള്ളൂ.തമിഴും തെലുങ്കുമെല്ലാം കാശിനുവേ t ി ചെയ്യുന്നതാണ്.എന്നും മലയാളസിനിമതന്നെയാണ് എന്റെ ഹൃദയത്തോടൊട്ടിനിൽക്കുന്നത്. ആർട്ടിസ്റ്റെന്ന നിലയിൽ മലയാളസിനിമ ചെയ്യുമ്പോഴുള്ള സംതൃപ്തി മറ്റൊരിടത്തുനിന്നുമില്ല. ര t ുവർഷം ഞാൻ മാറിനിന്നത്, വാസ്തവത്തിൽ അത്ര ചാലഞ്ചിംഗ് ആയ കഥാപാത്രങ്ങളൊന്നും കിട്ടാത്തതുകൊ t ാണ്. ഇവിടെ വന്ന് എന്തെങ്കിലും തട്ടിക്കൂട്ടി ചെയ്തുപോയിട്ടുകാര്യമില്ലല്ലോ.

മീര ഇതേവരെ ചെയ്ത കഥാപാത്രങ്ങളിൽ മീരയുടെ യഥാർഥ സ്വഭാവവുമായി ഇഴയടുപ്പമുള്ള കഥാപാത്രങ്ങളേതെല്ലാമാണ്?

എന്റെ കുറച്ചു സ്വഭാവസവിശേഷതകൾ പല കഥാപാത്രങ്ങളിലും വന്നിട്ടു t ്. സൂത്രധാരനിലെ കഥാപാത്രത്തിൽ ഞാൻ ഉ t ്. അച്ചുവിന്റെ അമ്മയിലു t ്.രസതന്ത്രത്തിലും കസ്തൂരിമാനിലും അൽപം എന്നെ കാണാം.

പത്തുവർഷത്തെ സിനിമാജീവിതം മീരയെ വല്ലാതെ മാറ്റിയിട്ടു t ാ?

വലുതായിട്ടു t ന്നു പറയാനാവില്ല. മാറിയാൽ ഞാൻ ഞാനല്ലാതാവില്ലേ. അന്നുമിന്നും ഞാൻ ആളു സ്ട്രെയിറ്റാ. മനസ്സിൽ തോന്നുന്നത് പറഞ്ഞിരിക്കും. ആർക്കിഷ്ടപ്പെട്ടാലുമില്ലെങ്കിലും.

മീരയുടെ ജീവിതത്തിൽ ഏറ്റവും സ്വാധീനിച്ചതാരാണ്?

പലരുമു t ്. അതെല്ലാം അനുഗ്രഹമായിത്തന്നെ ഞാൻ കരുതുകയും ചെയ്യുന്നു. മരിച്ചു തലയ്ക്കുമുകളിൽ നിൽക്കുന്ന പല മഹാന്മാരും എന്നിൽ അനുഗ്രഹം ചൊരിയുന്നതായി തോന്നിയിട്ടു t ്.

ഇനിയൊരു ജന്മമു t ങ്കിൽ...?

ഇനിയൊരു ജന്മമു t ായാലും സ്ത്രീയായിത്തന്നെ ജനിക്കണം.ദുഃഖങ്ങളൊക്കെ ഒരുപാട് സഹിക്കണമെങ്കിലും സ്ത്രീയുടെ ആ സഹനത്തിലും ഒരു സുഖമു t ്. ഒരു കുഞ്ഞിനു ജന്മം നൽകാൻ കഴിയുക എന്നതൊക്കെ സുന്ദരമായ കാര്യങ്ങളല്ലേ?

■

emami*
FAIR AND HANDSOME

ഇപ്പോൾ ഹാൻഡ്സം ആവുക വളരെയെളുപ്പം

പുരുഷൻമാർക്കായുള്ള ഇമാമി ഫെയർ ആൻഡ് ഹാൻഡ്സം ആധുനിക വൈറ്റനിങ്ങ് ക്രീം ഉപയോഗിച്ച്

ഇരട്ടി-ശക്തിയുള്ള

പെപ്റ്റൈഡ് കോംപ്ലക്സ്

പുരുഷന്റെ പരുക്കൻ ചർമ്മത്തിനുള്ളിൽ കടന്ന് മെലാനിൻ നിയന്ത്രിക്കുന്നു

5 സവിശേഷ ശക്തികളോടുകൂടി

- വെളുപ്പ് നിറമേകുന്നു
- ഈർപ്പമേകുന്നു
- സൂര്യകിരണങ്ങളിൽ നിന്നും പരിരക്ഷിക്കുന്നു
- കുളിർമ നൽകുന്നു
- രോഗാണുക്കളെ നശിപ്പിക്കുന്നു

"ഇനി പെൺകുട്ടികൾക്കുള്ള ക്രീം നമുക്ക് വേണ്ടേ വേണ്ട!" ഷാരുഖ് ഖാൻ

www.emamiindia.com എല്ലാ പ്രധാന ഓൺലൈനുകളിലും ലഭിക്കുന്നു.

percept|gulf

മൂവിറിവ്യു

മമ്മി ആൻഡ് മി

■ നായർജി

സകുടുംബം ധൈര്യമായി കാണാവുന്ന സിനിമ–അതാണ് മമ്മി ആൻഡ് മി. കുറ്റാന്വേഷണ ചിത്രത്തിലൂടെ സംവിധായകനായി മാറിയ ജിത്തു ജോസഫ് മമ്മി ആൻഡ് മിയിൽ മകൾ വഴി തെറ്റി പോകുമോയെന്ന് ഭയക്കുന്ന ഒരു അമ്മയും തൊട്ടതിനൊക്കെ കുറ്റം പറയുന്ന അമ്മയ്ക്ക് തന്നോട് ഒരു സ്നേഹവുമില്ല എന്നു കരുതുന്ന മകളും തമ്മിലുള്ള വലിഞ്ഞുമുറുകിയ ബന്ധത്തിന്റെ കഥ നേർത്തൊരു നർമസ്പർശത്തോടെ പറയുന്നു.ആൺകോയ്മയുടെ താരവ്യവസ്ഥയ്ക്കിടെ, സ്ത്രീകഥാപാത്രങ്ങൾക്കു പ്രാധാന്യം കൊടുത്തുകൊ t് സമകാലികമായൊരു സാമൂഹികജീവിതപ്രശ്നത്തെ ആവിഷ്കരിക്കാൻ കാട്ടിയ ധിഷണാപരമായ ധൈര്യത്തിന് ജിത്തു ജോസഫ് തീർച്ചയായും അഭിനന്ദനമർഹിക്കുന്നു.

ജൂവൽ (അർച്ചന കവി) എന്ന ടീനേജുകാരിയാണ് മമ്മി & മിയിലെ മുഖ്യകഥാപാത്രം ജൂവലിന്റെ മമ്മി ക്ലാരയും (ഉർവശി) അതിപ്രധാനമായൊരു കഥാപാത്രമാവുന്നു. അച്ചുവിന്റെ അമ്മയ്ക്കുശേഷം ടീനേജ് നായികയുടെ അമ്മയായി ഉർവശി എത്തിയപ്പോൾ തീർത്തും വേറിട്ട അനുഭവമായി. ചെറുപ്പക്കാരിയായ അമ്മയും ടീനേജ് മകളും തമ്മിലുള്ള ആശയപരമായ ഏറ്റുമുട്ടലും ജനറേഷൻ ഗ്യാപു t ാക്കുന്ന പ്രശ്നങ്ങളുമാണ് മമ്മി ആൻഡ് മി. ദിവസത്തിൽ പകുതി സമയവും ഇവർക്കിടയിൽ റഫറിയാവാൻ വിധിക്കപ്പെട്ട ബാങ്ക് മാനേജരായ ജൂവലിന്റെ പിതാവ് ജോസഫ് (മുകേഷ്). ആടുകൾ തമ്മിലുള്ള കൊമ്പുകോർക്കലിനിടെ രസം പൂ t ാരു കുറുക്കനു t് അവരുടെയിടയിൽ–ജുവലിന്റെ അനുജൻ ജോക്കുട്ടൻ (മാസ്റ്റർ ജീവൻ). ജ്യുവൽ സ്വന്തം കഥ പറയുന്ന രീതിയിലാണ് സിനിമ തുടങ്ങുന്നത്. ജ്യുവൽ മമ്മി ക്ലാരയുമായി എപ്പോഴും ശണ്ഠയാണ്. നിസാര പ്രശ്നങ്ങൾക്കുപോലും ഇരുവരും വഴക്കടിക്കുന്നു. ഇവർക്കിടയിൽ ബുദ്ധിമുട്ടുകയാണ് ജോസഫ്. ജ്യുവലിന്റെ അയൽക്കാരനും സുഹൃത്തുമാണ് രാഹുൽ(കുഞ്ചാക്കോ ബോബൻ). അയാൾക്ക് ജ്യുവലിനോട് ഉള്ളിന്റെയുള്ളിൽ പ്രണയമാണ്. പക്ഷേ അത് പ്രകടിപ്പിക്കാൻ കഴിയുന്നില്ല. അതിനിടയിൽ അമീർ എന്നയാളുമായി ചാറ്റിംഗിലൂടെ ജ്യുവൽ പരിചയത്തിലാകുന്നു. അമീർ അവളുടെ സ്വഭാവത്തെയാകെ മാറ്റിമറിക്കുകയാണ്. ജോസഫിന്റെ ബാല്യകാലസുഹൃത്തും കുടുംബവും (ലാലു അലക്സ്, ശാരി, കുഞ്ചാക്കോ ബോബൻ), അമീർ (സുരേഷ് ഗോപി), മനോരോഗ ഡോക്ടർ സലിം (അനൂപ്), ജൂവലിന്റെ കോളജിലെ ചില കുട്ടിവില്ലന്മാർ തുടങ്ങിയവരും കൂടി ചേരുമ്പോൾ, ടീനേജിന്റെ അപകടം പിടിച്ച വഴിയിലൂടെ കടന്നു പോകുന്ന ജൂവൽ ഇവരിൽ പലരുടെയും ഉറക്കം കെടുത്തുകയും പലരേയും കുഴപ്പത്തിലാക്കുകയും ചെയ്യുന്നു.

മകൾ വഴിതെറ്റി പോകുമോയെന്ന് ഭയക്കുന്ന ഒരു അമ്മയും തൊട്ടതിനൊക്കെ കുറ്റം പറയുന്ന അമ്മയ്ക്ക് തന്നോട് ഒരു സ്നേഹവുമില്ല എന്നു കരുതുന്ന മകളും തമ്മിലുള്ള വലിഞ്ഞുമുറുകിയ ബന്ധത്തിന്റെ കഥ നേർത്തൊരു നർമസ്പർശത്തോടെ പറയുകയാണ് ജീത്തു ജോസഫിന്റെ ര t ാമത്തെ ചിത്രമായ മമ്മി & മി. ഇതിന്റെ രചയിതാവും സംവിധായകനും ജീത്തു തന്നെ. ജൂവലിനെപ്പോലൊരു പെൺകുട്ടി നമ്മളിൽ പലരുടെയും വീടുകളിൽ ഉ t ാവും; ക്ലാരയെപ്പോലുള്ള അമ്മമാർക്കും ജോസഫിനെപ്പോലുള്ള അച്ഛന്മാർക്കും തീരെ ക്ഷാമമുാവില്ല. ഈ മൂന്നു കൂട്ടർക്കും ഈ സിനിമ നല്ലൊരു സന്ദേശവും കരുതി വയ്ക്കുന്നു t്. കാണികളെ ചിരിപ്പിക്കാൻ ആസ്ഥാനവിദൂഷകരോ അവരുടെ വളിച്ച തമാശകളോ ഇല്ല എന്നതാണ് ആശ്വാസം.

പഴയ ആൽബങ്ങളിലെ ചിത്രങ്ങൾ കാണിച്ച് കാണികളെ കഥയിലേക്ക് കയറ്റി വിടുന്ന മട്ടിൽ ടൈറ്റിലുകൾ ക്രമീകരിച്ചത് സിനിമയ്ക്ക് മികച്ച തുടക്കം നൽകി. എന്നാൽ ആ മികവ് അവതരണത്തിൽ തുടരാൻ കഴിയാതെ പോയതാണ് പോരായ്മ. സിനിമ, കഥ മാത്രമല്ല. ട്രീറ്റ്മെന്റും പ്രധാനമാണ്. അവതരണത്തിൽ പഴഞ്ചൻ രീതികളാണ് ഉപയോഗിച്ചത്. അഭിനേതാക്കളെല്ലാം തങ്ങൾക്കാവുന്ന വിധം അഭിനയിച്ചിട്ടു t ങ്കിലും കഥാപാത്രങ്ങൾക്കുള്ള നിലവാരം മിക്കവരുടെയും അഭിനയത്തിന് ഇല്ലാതെ പോയി. കാസ്റ്റിങ്ങിലെ പിശകും അതിനു കാരണമായിട്ടു t്. കുഞ്ചാക്കോ ബോബനെയും സുധീഷിനെയുമൊക്കെ കോളജ് കുമാരന്മാരാക്കിയത് അൽപം കടന്നുപോയോ എന്നു സംശയം. അനിയത്തി പ്രാവിലെ പ്രായമല്ലല്ലോ ഇരുവരും.

പുതിയ സംഗീതസംവിധായകനായ സെജോ ജോൺ മോശമാക്കിയിട്ടില്ലെങ്കിലും പാട്ടുകളുടെ ധാരാളിത്തം സിനിമയുടെ താളം തെറ്റിക്കുന്നു. രസകരമായ സംഭാഷണങ്ങളും മുഹൂർത്തങ്ങളും പ്രേക്ഷകരെ പിടിച്ചിരുത്തുന്നു. വിപിൻ മോഹന്റെ ക്യാമറ തരക്കേടില്ലാത്തതാണ്. ഒറ്റവാക്കിൽ മലയാളസിനിമ കാണാൻ കുടുംബപ്രേക്ഷകരെ സധൈര്യം തീയറ്ററുകളിലേക്കു മടക്കിക്കൊ t ുവരാൻ പ്രാപ്തമായ ചലച്ചിത്രസംരംഭം തന്നെയാണ് മമ്മി ആൻഡ് മി.

ഓർമ്മ

കുടുംബസിനിമകളുടെ പി.ജി .വിശ്വംഭരൻ

പി.ജി.വിശ്വംഭരൻ അന്തരിച്ചത് മിക്ക പത്രങ്ങൾക്കും ചെറിയ വാർത്തയായിരുന്നു. പല സംവിധായകരുടെയും മരണം എഡിറ്റോറിയൽ പേജിൽ ആഘോഷമാക്കുന്നവർ ഒന്നാം പേജിലെ വസ്തുതാപരമായ പിഴവുകളോടുകൂടിയ സിംഗിൾ കോളം വാർത്തയിൽ പി.ജി.യെ ഒതുക്കി. പക്ഷേ, സ്വന്തം ചിത്രങ്ങളുടെ വിജയത്തിന്റെ പ്രഭ കുറച്ചു കാണാൻ പ്രയത്നിച്ച മാധ്യമങ്ങളോട് ജീവിച്ചിരുന്ന കാലത്തു പുലർത്തിയ നിസ്സംഗത തന്നെയാവണം സ്വർഗത്തു നിന്ന് അദ്ദേഹത്തിന്റെ ആത്മാവ് ഇപ്പോഴും കാണിക്കുന്നത്. സെലിബ്രിട്ടികൾക്കല്ലേ മാധ്യമങ്ങളിൽ അനർഹമായ ഇടം ലഭിക്കുകയുള്ളൂ. പി.ജി.ക്ക് അതിൽ പരിഭവമു t ാവാൻ വഴിയില്ല.

മലയാള കുടുംബസിനിമയുടെ സുവർണ എൺപതുകളിൽ തിളങ്ങി നിന്ന സംവിധായകനാണ് പി.ജി.വിശ്വംഭരൻ.ജനപ്രിയ നോവലുകളിൽ നിന്നും കഥകളിൽനിന്നുമെല്ലാം കാണാൻ ബോറടിയില്ലാത്തനല്ലസിനിമകൾസൃഷ്ടിച്ചെടുത്തിരുന്ന ചലച്ചിത്രകാരൻ. മലയാളത്തിൽ ഇന്ന് നിറഞ്ഞാടി നിൽക്കുന്ന പല വമ്പൻ താരങ്ങൾക്കും താരപ്രഭാവത്തിലേക്കുള്ള ചവിട്ടുപടിയായത് വിശ്വംഭരന്റെ ചിത്രങ്ങളായിരുന്നു. പ്രേംനസീർ തലമുറയിൽ സിനിമാനിർമ്മാണം ആരംഭിച്ച വിശ്വംഭരന്റെ ആദ്യചിത്രം ഒഴുക്കിനെതിരേയായിരുന്നു. ആദ്യചിത്രത്തിന്റെ പേരിനെ അന്വർഥമാക്കുന്നതായിരുന്നു പിന്നീടുള്ള അദ്ദേഹത്തിന്റെ ചലച്ചിത്രജീവിതവും. എഴുപതുകളുടെ അവസാനം തെന്നിന്ത്യൻ സൂപ്പർതാരം കമൽഹാസനെയും ഇന്ത്യ ക t ഏറ്റവും വിലയുള്ള നായികമാരിലൊരാളായ ശ്രീദേവിയേയും നായികാനായകരാക്കി സത്യവാൻ സാവിത്രി ഒരുക്കിയതോടെയാണ് പി.ജി.വിശ്വംഭരൻ ശ്രദ്ധേയനാവുന്നത്.

എൺപതുകളിലെ മൾട്ടീ സ്റ്റാർ സിനിമകളുടെ സംവിധായകരിൽ മുമ്പനായിരുന്നു പി.ജി. സോമൻ സുകുമാരൻ പ്രേംനസീർ മധു പ്രഭൃതികളെ ഒന്നിച്ചു വച്ചു സിനിമകൾ സംവിധാനം ചെയ്യുന്നവരിൽ പ്രമാണി. പ്രേംനസീർ സുകുമാരൻ രതീഷ് തുടങ്ങിയവരെ വച്ച് സംഘർഷം പോലുള്ള ബിഗ് ബജറ്റ് ആക്ഷൻ സിനിമകൾ സംവിധാനം ചെയ്ത ചലച്ചിത്രകാരനാണ് വിശ്വംഭരൻ. രാജസ്ഥാനിൽ ചിത്രീകരിച്ച ആ സിനിമ അക്കാലത്ത് ഏറെ ശ്രദ്ധിക്കപ്പെടുന്നതായി. അത്തരമൊരു ബഹുതാരസിനിമയായ സ്ഫോടനത്തിലൂടെയാണ് മമ്മൂട്ടി എന്ന താരത്തെ സജിൻ എന്ന പേരിൽ വിശ്വംഭരൻ മുഖ്യധാരയിലേക്ക് ആനയിക്കുന്നത്. അതിനു മുമ്പ് ഒന്നുര t ുസിനിമകളിലെ ചെറിയ വേഷങ്ങളിൽ അറിയപ്പെടാത്ത ആളായിരുന്നു മമ്മൂട്ടി. വില്ലൻ വേഷങ്ങളിൽ മാത്രം ഒതുക്കപ്പെട്ടിരുന്ന മോഹൻലാൽ

ഉപകഥാപാത്രമായി മാറുന്നതും പി.ജി. വിശ്വംഭരന്റെ ഒരു സിനിമയിലൂടെയാണ് –ഹിമവാഹിനി. മമ്മൂട്ടി മുഖ്യധാരയിൽ നായകത്വം ഉറപ്പിക്കുന്നതും പി.ജി.യുടെ തന്നെ സന്ധ്യയ്ക്കു വിരിഞ്ഞ പൂവ് എന്ന സിനിമയിലൂടെയാണ്.

പിന്നീട് മോഹൻലാൽ–മമ്മൂട്ടി കൂട്ടുകെട്ടിൽത്തന്നെ സിനിമകളൊരുക്കാനായി വിശ്വംഭരന്. രുഗ്മ, ഇതു ഞങ്ങളുടെ കഥ, ഒന്നാണു നമ്മൾ, ഇതാ സമയമായി, ഇനിയും കഥ തുടരും, ഇവിടെ തുടങ്ങുന്നു, അവൾ കാത്തിരുന്നു, അവനും, ഇവരെ സൂക്ഷിക്കുക, ഈ ശബ്ദം ഇന്നത്തെ ശബ്ദം, ഈ ലോകം ഇവിടെ കുറേ മനുഷ്യർ...തുടങ്ങി നിരവധി ഹിറ്റുകൾ സമ്മാനിച്ച പി.ജി. തൊണ്ണൂറുകളായപ്പോൾ മാറിയ ട്രെൻഡിനൊത്ത് ഹ്യൂമർ കുടുംബസിനിമകളും ചെയ്തു. വക്കീൽ വാസുദേവ്, ഇന്നത്തെ പ്രോഗ്രാം, ഗജകേസരിയോഗം തുടങ്ങിയവ അവയിൽ ചിലതാണ്. തിലകനെ നായകനാക്കിയ കാട്ടുകുതിരയാണ് വിശ്വംഭരന്റെ ശ്രദ്ധിക്കപ്പെട്ട മറ്റൊരു സിനിമ.

സന്തോഷ് തുടങ്ങി പല പുതുമുഖങ്ങളെയും അവതരിപ്പിച്ച വിശ്വംഭരൻ അന്യഭാഷകളിൽ നിന്നും നിരവധി കലാകാരന്മാരെ മലയാളത്തിലേക്കാനയിച്ചു. അംജദ് ഖാൻ, നമ്രത ശിരോദ്കർ തുടങ്ങി ആ പട്ടിക നീളുന്നു.

കാലം ചെല്ലെ, മാറിയ തരംഗങ്ങളുടെ ശ്ളഥവേഗങ്ങൾക്കൊപ്പം പിടിച്ചു നിൽക്കാനാവാതെ മൗനിയായ വിശ്വംഭരൻ വാണി വിശ്വനാഥിനെ നായികയാക്കി പുത്തൂരംപുത്രി ഉണ്ണിയാർച്ച എന്നൊരു സിനിമയും മമ്മൂട്ടിയെ വച്ച് ഏഴുപുന്ന തരകനും സംവിധാനം ചെയ്തെങ്കിലും വിചാരിച്ചത്ര വിജയിക്കാതെവന്നതോടെ സർഗാത്മകമായ വനവാസത്തിലേക്കൊതുങ്ങുകയായിരുന്നു. തിരക്കഥാകൃത്തും ഗാനരചയിതാവുമായ ഷിബു ചക്രവർത്തിയുടെ സഹോദരി ഭർത്താവാണ്.

ഏറ്റുമുട്ടൽ പെലെ–മറഡോണ വക

ആദി നായർ

ദക്ഷിണാഫ്രിക്കയിൽ ലോകകപ്പ് പന്തുരുളുമ്പോൾ ഫുട്ബോളിലെ ഇതിഹാസങ്ങൾ തമ്മിലാണ് ഏറ്റുമുട്ടൽ പുരോഗമിക്കുന്നത്. ഇത് ഇന്നും ഇന്നലെയും തുടങ്ങിയതല്ല, നാളുകളായി മാധ്യമങ്ങൾ ഇവരുടെ വാക്പയറ്റ് ആഘോഷമാക്കുന്നു. അതിന് ഇത്തവണയും ഒട്ടും കുറവു വന്നില്ലെന്നതാണ് സത്യം. ഒരാൾ ഫുട്ബോളിലെ ദൈവം. മറ്റൊരാൾ ദൈവത്തിന്റെ കൈയുടെ ഉടമ. അങ്ങനെ വരുമ്പോൾ പറയുന്നത് എന്തായാലും അതങ്ങനെ വിട്ടുകളയാൻ പറ്റുമോ...

ഇത്തവണ കിക്കോഫ് മറഡോണയുടേതായിരുന്നു. ഇതുവരെ ലോകകപ്പിലെ അനുഭവത്തെക്കുറിച്ച് ചോദിച്ചപ്പോൾ, പെലെയ്ക്കെതിരേ ഒരു ഒളിയമ്പ് എയ്യുകയായിരുന്നു മറഡോണ. ആഫ്രിക്കയ്ക്ക് ലോകകപ്പിൽ ആതിഥേയത്വം വഹിക്കാനാകുമോയെന്ന് ഒരു കറുത്തവൻ (പെലെ) സംശയിച്ചിരുന്നുവെന്നാണ് മറഡോണ പറഞ്ഞത്. ഈ പരമാർശത്തെക്കുറിച്ച് ബ്രസീലിയൻ മാധ്യമങ്ങൾ പെലെയോട് അന്വേഷിച്ചപ്പോൾ ഉടൻ തന്നെ മറുപടിയും വന്നു. അർജന്റൈൻ ദേശീയ ടീമിന്റെ പരിശീലനച്ചുമതല മറഡോണ ഏറ്റെടുത്തത് സാമ്പത്തിക ലാഭം മാത്രം കാണെന്നായിരുന്നു പെലെയുടെ ക t ത്തൽ.

ഇപ്പോൾ പ്രത്യേകിച്ച് ജോലിയൊന്നുമില്ലാതെയിരിക്കുകയാണ് മറഡോണ, ജീവിക്കാൻ കാശ് വേണം, അതുകൊ t ് ദേശീയ ടീമിനെ പരിശീലിപ്പിക്കാമെന്ന് സമ്മതിക്കുകയായിരുന്നുവെന്നും പെലെ. തട്ടിയും തടഞ്ഞുമാണ് അർജന്റീന ലോകകപ്പ് യോഗ്യത നേടിയെടുത്തത്, എന്നാൽ അതിൽ മറഡോണ കുറ്റക്കാരനല്ല, മറഡോണയെ കോച്ചിങ് ചുമതലയേൽപ്പിച്ചവരാണ് കുറ്റക്കാരെന്നും പെലെ.

2005 ൽ മറഡോണ ആതിഥേയത്വം വഹിക്കുന്ന ടിവി ഷോയിൽ പെലെ പങ്കെടുത്തിരുന്നു. മയക്കുമരുന്ന് ഉപയോഗവും ആശുപത്രിവാസവുമായി വലഞ്ഞ മറഡോണയെ ഒന്നു സഹായിക്കാൻ തന്റെ ഒരു കൈ സഹായം നൽകുകയാണ് അന്നു ചെയ്തതെന്നും പെലെയുടെ കുത്ത്. എന്തായാലും അതിനൊരു മറുപടി പറയാൻ ഇതുവരെ കാത്തിരിക്കേ t l വന്നു, കക്ഷിക്ക്. ആരു ജയിച്ചു ആരു തോറ്റു എന്നതല്ല, ആര് എന്തു പറയുന്നുവെന്നതാണ് ഈ ലോകകപ്പിലെ ഏറ്റവും വലിയ വിശേഷം.



വുവുസെല സൂപ്പർഹിറ്റ്

ആൾക്കൂട്ടത്തിന്റെ ആരവം ഫുട്ബോൾ മൈതാനത്തിന് എന്നും ആവേശമാണ്. സ്വയം മറന്ന് മൈതാനത്ത പറന്നു കളിക്കാൻ അവരെ പ്രേരിപ്പിക്കുന്നതും ഈ ഘടകം തന്നെ. എന്നാൽ ആവേശം വുവുസെല എന്ന കുഴൽവാദ്യത്തിന്റെ തനിരൂപമായി പകർന്നാടുന്നതു ക t് മൈതാനത്തെ കളിക്കാർ മാത്രമല്ല, ലോകമെങ്ങുമുള്ള ടിവി പ്രേക്ഷകർ വരെ തരിച്ചു നിൽക്കുകയാണ്. പരാതികൾ പ്രവഹിച്ചപ്പോൾ വുവുസെലയുടെ ശബ്ദമില്ലാതെ വേൾഡ് കപ്പ് സംപ്രേഷണം ചെയ്യാൻ കഴിയുമോ എന്ന സാധ്യത പരിശോധിക്കുകയാണു ബിബിസി. കുഴൽവാദ്യത്തിന്റെ ഈ വിവാദശബ്ദം ബ്രിട്ടിഷ് ബ്രോഡ്കാസ്റ്റിങ് കമ്പനിക്കും തലവേദനയായിരിക്കുന്നുവെന്നു ചുരുക്കം.

കളി തുടങ്ങിയിട്ട് ദിവസങ്ങൾ പിന്നിടുന്നതേയുള്ളൂ, വുവുസെലയെക്കുറിച്ച് നാനൂറിലധികം പരാതികൾ ബിബിസിക്ക് കിട്ടിക്കഴിഞ്ഞു. ഗ്രൗ t ിൽ നിന്നുയരുന്ന വുവുസെലയുടെ ഏകാധിപത്യശബ്ദം തുടച്ചുകളയാനാണു ബിബിസിയുടെ ശ്രമം. ഇല്ലെങ്കിൽ ക്രൗഡിന്റെ ശബ്ദം ഇല്ലാതാക്കാനുള്ള ഒരു ഓപ്ഷൻ നൽകും. എങ്ങനെയായാലും വുവുസെലയെ പടിക്കു പുറത്തു കടത്താനുള്ള ശ്രമങ്ങൾ പുരോഗമിക്കുകയാണ്. വുവുസെല ഫ്രീ വേൾഡ് കപ്പ് എന്നൊരു പരസ്യവാചകം അധികം താമസിയാതെ ബിബിസിയിൽ ക t ന്നു വരും.

ബിബിസി മാത്രമല്ല, മറ്റു ബ്രോഡ്കാസ്റ്റേഴ്സും ചില കളിക്കാരും വുവുസെലയ്ക്കെതിരേ രംഗത്തെത്തിക്കഴിഞ്ഞു. വിവാദത്തിന്റെ ശബ്ദം ഉയരുന്നു t ന്നു കരുതി അതു വുവുസെലയുടെ വിൽപ്പനയെ തെല്ലും ബാധിച്ചിട്ടില്ല. സൂപ്പർമാർക്കറ്റ് സെയ്ൻസ്ബറി മാത്രം പന്ത്ര t ു മണിക്കൂർ നേരം കൊ t ു വിറ്റഴിച്ചത് ഇരുപത്തിര t ായിരത്തിലധികം വുവുസെലകൾ. ഓൺലൈൻ റീറ്റെയ്ലറായ ആമസോണിന്റെ വിൽപ്പന ആയിരം ശതമാനത്തിലധികമെത്തി. ഇതു ഗ്യാലറിയിൽ നിരോധിച്ചേക്കുമെന്ന അഭ്യൂഹങ്ങൾ ഉയർന്നിരുന്നെങ്കിലും, കഴിഞ്ഞ ദിവസം ഫിഫ പ്രസിഡന്റ് സെപ്പ് ബ്ലാറ്ററുടെ പ്രസ്താവന ആ പ്രതീക്ഷകൾ ഇല്ലാതാക്കി.

ആരാധകരുടെ ഇത്തരം മ്യൂസിക് ട്രഡിഷൻസ് ബാൻ ചെയ്യണമെന്നു കരുതുന്നില്ലെന്നു ബ്ലാറ്റർ ട്വിറ്ററിൽ എഴുതി. ആഫ്രിക്കയ്ക്ക് എന്നും വ്യത്യസ്തമായ താളമു t്, വ്യത്യസ്ത ശബ്ദമു t്, ബ്ലാറ്റർ പറയുന്നു. എന്നാൽ ഇത്ര ഉച്ചത്തിൽ വ്യത്യസ്തമാകേ t ിയിരുന്നില്ലെന്നു പലരും അഭിപ്രായപ്പെടുന്നു.

■ ആദി നായർ

ആദ്യ ഗോൾ ഷബലാല

■ ജാഫർഖാൻ

ആഫ്രിക്കയിൽ അരങ്ങേറിയ പ്രഥമ ലോകകപ്പിലെ ആദ്യ ഗോൾ ദക്ഷിണാഫ്രിക്കയുടെ വിംഗർ സിഫിവെ ഷബലാലയുടെ പേരിൽ. ഷബലാലക്ക് നഷ്ടമായത് അവിസ്മരണീയ മുഹൂർത്തം. ദക്ഷിണാഫ്രിക്കക്കായി അമ്പതാമത്തെ മത്സരത്തിൽ ഗോളടിച്ചെങ്കിലും ടീമിനെ ജയിപ്പിക്കാൻ സാധിച്ചില്ല. എല്ലാ ആഘോഷങ്ങളും മെക്സിക്കോയുടെ സമനിലഗോളിൽ അവസാനിച്ചു. ഇരുപതാമത്തെ വയസിലാണ് ഷബലാല ദേശീയ ടീമിലെത്തുന്നത്. 2006 ൽ ഈജിപ്തിനെതിരെയായിരുന്നു ആദ്യ അന്താരാഷ്ട്ര മത്സരം. ആ വർഷം തന്നെ ആഫ്രിക്കൻ നേഷൻസ് കപ്പ് കളിച്ചു. 2008 നേഷൻസ് കപ്പിലും ഷബലാല ബൂട്ടുകെട്ടി.

പോർച്ചുഗലും ഐവറികോസ്റ്റും തമ്മിലെന്ത്

മാസങ്ങൾക്കു മുൻപ് ലോകകപ്പ് ഫിക്സ്ചർ പ്രഖ്യാപിക്കുമ്പോൾ ഇരു ടീമുകളും തമ്മിൽ എന്തു വ്യത്യാസം എന്നു ചോദിച്ചത്, കളിയെഴുത്തുകാർ മാത്രമല്ല ലോകത്തിലെ ലക്ഷക്കണക്കിനു കാണികൾ കൂടിയായിരുന്നു. അതിനകത്തൊരു ഗുട്ടൻസ് ഉ t്. ര t ു സൂപ്പർസ്റ്റാറുകൾ തമ്മിൽ ഏറ്റുമുട്ടുന്നുവെന്നതായിരുന്നു വിശേഷം. പോർച്ചുഗലിന്റെ ഷോമാൻ ക്രിസ്റ്റ്യാനോ റൊണാൾഡോയും, ഐവറി കോസ്റ്റിന്റെ ദിദിയർ ദ്രോഗ്ബയും. ര t ുപേരും കളിക്കളത്തിലിറങ്ങി. തിങ്ങിനിറഞ്ഞ കാണികളെ ലക്ഷ്യമാക്കി ഇരുവരും അഴകൊഴമ്പൻ ഷോട്ടുകൾ പായിച്ചു. ആരും ജയിക്കും, ആരും തോൽക്കും എന്നതിനു റഫറിയുടെ ലാസ്റ്റ് വിസിൽ മുഴങ്ങിയപ്പോൾ കാണികൾ ക t ു, ആരും ജയിച്ചില്ല– ആരും തോറ്റില്ല. ദ്രോഗ്ബയും റൊണാൾഡോയം തോളിൽ കൈയിട്ടു വരുന്നു. പടപൊരുതിയപ്പോൾ ചേരയും പാമ്പും പോലെയായിരുന്നു, കളി കഴിഞ്ഞപ്പോൾ ആനയും ആമയും പോലെ...

താരപ്പൊലിമയിൽ സമാസമം. പോർച്ചുഗലും ഐവറി കോസ്റ്റും ഏറ്റുമുട്ടിയാലും സൂപ്പർതാരപരിവേഷത്തിന് തെല്ലും കുറവു വരാൻ പാടില്ലല്ലോ... കാര്യമിങ്ങനെയൊക്കെയാണെങ്കിലും, ആദ്യറൗ t ിലെ ഗംഭീര പോരാട്ടമായിരുന്നു ഈ മത്സരമെന്നു പറയാതെ വയ്യ. പക്ഷേ, ഗോളുകൾ മാത്രം പിറന്നില്ല. എന്നാൽ, കളി ഗോൾരഹിത സമനിലയായെങ്കിലും, എതിരാളികൾക്ക് വുവുസെലയുടെ നാദം പോലെ ഉച്ചത്തിലൊരു മുന്നറിയിപ്പു നൽകിയിരിക്കുന്നു ഐവറി കോസ്റ്റ്. റൊണാൾഡോ ഒഴികെയുള്ളവരുടെ ശരീരത്തിൽ തൊടാതെ പന്തു ക്ലിയർ ചെയ്ത പിഴവറ്റ



പ്രതിരോധം, എതിർ ഗോൾമുഖം വരെ മുറയ്ക്കു പന്തെത്തിച്ച ചടുലമായ മധ്യനിര, ചാട്ടുളി പോലെ കുതിക്കുന്ന സ്ട്രൈക്കർമാർ, കൊമ്പനാനക്കൂട്ടത്തെ കരുതിയിരിക്കുക. ദ്രോഗ്ബ കൂടി തനി സ്വരൂപം കാട്ടിത്തുടങ്ങിയാൽ ആരു തളയ്ക്കും അവരെ.

പരുക്കേറ്റ ദ്രോഗ്ബ കളത്തിലിറങ്ങിയത് അറുപത്താറാം മിനിറ്റിൽ മാത്രം. പക്ഷേ, ക്യാപ്റ്റന്റെ അഭാവം ഒരിക്കലും ഐവറി കോസ്റ്റിന്റെ പ്രകടനത്തിൽ പ്രതിഫലിച്ചിരുന്നില്ല. റൊണാൾഡോയെ തളച്ചാൽ പാതി ജയിച്ചു എന്നതായിരുന്നു തുടക്കത്തിൽ അവരുടെ ചിന്ത. ആദ്യ 20 മിനിറ്റുകൾക്കുള്ളിൽ കക്ഷിയെ മൂന്നു തവണ ചവിട്ടി വീഴ്ത്തി മൂന്നു മഞ്ഞക്കാർഡുകൾ സമ്പാദിച്ചുകൊ t് അവരതു തെളിയിച്ചു.

ഇതിൽ ഏഴാം മിനിറ്റിൽ റൊണാൾഡോ കള്ളത്തരം കാട്ടിയെന്നു റീപ്ലേയിൽ തെളിഞ്ഞു. ഇരുപതാം മിനിറ്റിൽ സൂപ്പർ താരത്തിനും കിട്ടി മഞ്ഞക്കാർഡ് ഒരെണ്ണം. എന്തായാലും വീഴ്ത്തൽ അവസാനം വരെ തുടർന്നു. പരമ്പരാഗത രീതികൾ ഉപേക്ഷിക്കപ്പെട്ട മത്സരത്തിൽ, പോർച്ചുഗൽ 4–1–2–3 ശൈലിയും, ഐവറി കോസ്റ്റ് 4–4–1–1 ശൈലിയും സ്വീകരിച്ചു. ടീം ലിസ്റ്റിൽ ലീഡ്സൺ ആയിരുന്നു ഏക പോർച്ചുഗീസ് സ്ട്രൈക്കറെങ്കിലും റൊണാൾഡോയും ഡാനിയും ആക്രമണത്തിനു തന്നെ നിയോഗിക്കപ്പെട്ടു. ദ്രോഗ്ബയുടെ അഭാവത്തിൽ പ്രതീക്ഷിച്ചതു പോലെ സലോമോൻ കാലു ഐവറി കോസ്റ്റിന്റെ കുന്തമുനയായി. പക്ഷേ, കൈയടി വാങ്ങിയത് പത്താം നമ്പർ താരം ഗെർവിഞ്ഞോ.

മത്സരത്തിൽ ഒരു ആരവമുയരാൻ 12–ാം മിനിറ്റ് വരെ കാത്തിരിക്കേ t ി വന്നു. റൊണാൾഡോയുടെ ശക്തമായ ലോങ് റേഞ്ചർ ഇടതു ഗോൾ പോസ്റ്റിൽ ആഞ്ഞു പതിച്ചു. സൈഡ് ബെഞ്ചിലിരുന്ന് ദ്രോഗ്ബ കുരിശു വരച്ചു. 14ാം മിനിറ്റിൽ ഐവറി കോസ്റ്റിന് ആദ്യ അവ സരം. പെനൽറ്റി ബോക്സിനു പുറത്തു കിട്ടിയ ഫ്രീ കിക്ക്, സിയാക ടയീൻ വലതു വശത്തേക്ക് അടിച്ചുപറത്തിക്കളഞ്ഞു. 17ാം മിനിറ്റിൽ ചീഖ് ടയോടെയുടെ ലോങ് റേഞ്ചർ ക്രോസ് ബാറിനു മുകളിലൂടെ പറന്നു. ആദ്യ പകുതിയുടെ അവസാനത്തോടെ ഐവറി കോസ്റ്റ് മത്സരത്തിൽ ആധിപത്യം സ്ഥാപിക്കുന്നതാണു ക t ത്. ഗെർവിഞ്ഞോയും കാലുവും അരുണ ഡിൻഡാനെയും നിരന്തരം പറങ്കികളുടെ ഗോൾമുഖം റെയ്ഡ് ചെയ്തു. അമ്പത്തിനാലാം മിനിറ്റിൽ ബോക്സിനു പുറത്തുനിന്നുള്ള കാലുവിന്റെ നിലംപറ്റെയുള്ള ഷോട്ട് ഗോളി എഡ്വേർഡോ കൈയിലൊതുക്കി, ദ്രോഗ്ബ തലയിൽ കൈവച്ചു.

അമ്പത്തഞ്ചാം മിനിറ്റോടെ പോർച്ചുഗീസ് കോച്ച് കാർലോസ് ക്വിറോസിനു ഡാനിയുടെ സേവനം മതിയായി. പകരം പരിചയ സമ്പന്നനായ സിമാവോയെ ഡിഫൻസീവ് മിഡ്ഫീൽഡർ റോളിൽ ഇറക്കിയത് ഐവറി കോസ്റ്റിന്റെ തുടരൻ കടന്നാക്രമണങ്ങളിൽ വിറകൊ t ിട്ടു തന്നെയാവണം.

58ാം മിനിറ്റിൽ ഡെക്കോയുടെ മനോഹരമായ ക്രോസിൽ ലീഡ്സൺ തലവച്ചെങ്കിലും, ഗോളി ബൊബാക്കർ ബാരി കോപയുടെ മനസാന്നിധ്യത്തിനു മുന്നിൽ വിഫലമായി. ഇതിന്റെ പ്രത്യാക്രമണം എതിർ ഗോൾമുഖം വരെയെത്തിയെങ്കിലും ഗെർവിഞ്ഞോ നഷ്ടപ്പെടുത്തി.

62ാം മിനിറ്റിൽ ഡെക്കോയ്ക്കു പകരം തിയാഗോ വന്നു. അറുപത്താറാം മിനിറ്റിൽ മത്സരത്തിലെ സൂപ്പർ സബ്സ്റ്റിറ്റ്യൂഷനും, സാക്ഷാൽ ദിദിയർ ദ്രോഗ്ബയുടെ രൂപത്തിൽ. കാലുവിനു പകരം തന്റെ തുറുപ്പ് ചീട്ട് ഇറക്കി പരീക്ഷിക്കുകയായിരുന്നു കോച്ച് സെൻ ഗൊരാൻ എറിക്സൺ. എൺപത്തിര t ാം മിനിറ്റിൽ ഗെർവിഞ്ഞോയ്ക്കു പകരം കാദർ കീറ്റയും ഇറങ്ങി. ര t ാം പകുതിയുടെ അവസാന മിനിറ്റുകൾ വരെ കാര്യമായ ചലനങ്ങളൊന്നും സൃഷ്ടിക്കാൻ ഇരുവർക്കുമായില്ല. പക്ഷേ, ഇൻജുറി ടൈമിൽ കളി മാറി. പന്ത് പോർച്ചുഗീസ് ഗോൾമുഖം വിട്ടൊഴിഞ്ഞതേയില്ല. ഐവറി കോസ്റ്റിന്റെ മിടുക്കിനും പന്തടക്കത്തിനും ഭാഗ്യത്തിന്റെ അകമ്പടി ഇല്ലാതെ പോയി, പരുക്കില്ലാത്തൊരു ദ്രോഗ്ബയുടെയും.

■ ആദി നായർ

Exotic fragrances all the way....

"Izzi"

Get Izzi Get LOVE

Izzi Body Mist
Exotic fragrances
available in

- Dazzling love
- Eternal love
- Forever love
- Magical love
- Sweet love
- True love

Available in all Leading Stores

UNZA MIDDLE EAST

Website: www.unza.com

axisintegrated

ആദി നായർ

ജബ്ബുലാനി വിശേഷങ്ങൾ

ഇത്തവണ ലോകകപ്പിന് ഉപയോഗിക്കുന്ന പന്താണ് ജബുലാനി. ഇതിന് ഒരു ഇന്ത്യൻ ടച്ച് ഉ t˘. തോലുകളിലധികവും ഇന്ത്യക്കാരുടെ സംഭാവനയാണ്. ഇങ്ങനെ, അഡിഡാസ് ആവേശപൂർവം അവതരിപ്പിച്ച ജബുലാനി പന്തിനോട് ആർക്കും അത്ര സുഖം പോരെന്നതാണ് ഏറ്റവും വലിയ വിശേഷം. എന്നാൽ ആരും അത്ര തുറന്നു പറയുന്നില്ലെന്നതാണ് യാഥാർഥ്യം. പരാഗ്വെയുടെയും ബ്രസീലിന്റെയും താരങ്ങൾ നേടിയ ഗോളിൽ ജബുലാനിയുടെ മികവ് പൊന്തിനിന്നെങ്കിലും അധികം പേർക്കും ഇതിനോടത്ര പഥ്യമില്ല. കൃത്യമായി പ്ലാൻ ചെയ്ത് ഒരു ഫ്രീ കിക്കെടുത്താൽ ഉദ്ദേശിക്കുന്ന വഴിക്കൊന്നുമല്ല പന്തിന്റെ പോക്ക്. ഗോൾകീപ്പർമാർക്കാണ് ഏറ്റവും പ്രശ്നം. ഇതു വരെ പരിചയിച്ച പന്ത് സാധാരണ ഗതിയിൽ ഏതു വഴിക്കൊക്കെ വരും എന്നൊരു ധാരണയു t ായിരുന്നു. എന്നാൽ ജബുലാനി കുഴപ്പങ്ങൾ ഉ t ാക്കുന്നു.

രാജാവ് നഗ്നാണ് എന്നു പറഞ്ഞ കുട്ടിയുടെ റോൾ ഏറ്റെടുത്തത് ഇംഗ്ല t ിന്റെ ഡിഫൻഡർ ജാമി കാരാഗെർ. പന്തു കുഴപ്പമാണെന്നു മാത്രമല്ല, ജാമിയുടെ ആരോപണം അൽപ്പം കടുത്തതാണ്. പത്തു മുപ്പതു വർഷമായി ലോകകപ്പിൽ കളിക്കാനുള്ള പന്തു നിർമിക്കുന്ന ജർമൻ കമ്പനിയായ അഡിഡാസിനെ പ്രതിക്കൂട്ടിൽ നിർത്തുന്ന ആരോപണമാണു ജാമി ഉന്നയിക്കുന്നത്. ഏറെക്കാലമായി ബ്രിട്ടനിലെ ചില സർവകലാശാലകളിലെ ഗവേഷകരുടെ പിന്തുണയോടെയാണ് അഡിഡാസ് ജബുലാനി വികസിപ്പിച്ചത്. സന്തോഷമായിരിക്കുക എന്നർഥം വരുന്ന ആഫ്രിക്കൻ വാക്കാണു ജബുലാനി എന്നു വിശദീകരണം. എന്നാൽ കളി തുടങ്ങി ഇത്രയും ദിവസങ്ങൾ കഴിയുമ്പോൾ ജബുലാനിയുടെ കാര്യത്തിൽ ആരും അത്ര ജബുലാനി അല്ലെന്നാണു കിട്ടുന്ന സൂചനകൾ.

ഇംഗ്ല t ˘ ടീമിന്റെ അതൃപ്തി അറിയിക്കുക മാത്രമല്ല ജാമി. ജർമൻ ടീമിന് അനുകൂലമായി അഡിഡാസ് ചില കാര്യങ്ങൾ ചെയ്തു എന്നു കൂടി പറഞ്ഞു. ഒഫിഷ്യൽ പ്രസ് മീറ്റിൽ, വളരെ ഗൗരവമായി.

ലോകകപ്പിൽ കളിക്കാനുള്ള ജബുലാനി വികസിപ്പിച്ചതിനു ശേഷം ആ പന്ത് ജർമൻ ഫുട്ബോൾ ലീഗിൽ നാലുമാസം കളിക്കാൻ അഡിഡാസ് നൽകി എന്നാണു ജാമി പറയുന്നത്. ബുൻഡെൻസ്ലിഗ എന്നറിയപ്പെടുന്ന ജർമനിയുടെ മേജർ ലീഗ് ചാംപ്യൻഷിപ്പിലാണു ജബുലാനി കളിക്കാൻ നൽകിയത്. അതോടെ ജർമനിയുടെ മിക്കവാറും കളിക്കാർ പന്തുമായി ഇണങ്ങി. പന്തിന്റെ പുത്തൻ സവിശേഷതകൾക്കനുസരിച്ചു കളിക്കാൻ പഠിച്ചു. വെറുതെയല്ല, ഇതു വരെയുള്ളതിൽ മികച്ച വിജയം ജർമനി നേടിയത്. ജാമി പറയുന്നു. ഓസ്ട്രേലിയക്കെതിരെ ജർമനി നേടിയ ഏകപക്ഷീയമായ നാലു ഗോൾ വിജയത്തെ സൂചിപ്പിച്ചാണു ജാമി ഇതു പറയുന്നത്. ഇംഗ്ല t ാവട്ടെ ആദ്യ മത്സരത്തിൽ അമേരിക്കയോട് 1–1 സമനില വഴങ്ങുകയായിരുന്നു.

ഇതു വെറുതേ പറയുന്നതല്ല, ജാമി ആണയിടുന്നു. ഞങ്ങൾ കൃത്യമായി നിരീക്ഷിച്ചിട്ടു t˘. നാലു മാസം മുമ്പ് ഈ പന്തു കളിക്കാൻ കിട്ടിയതു ജർമനിയെ ഏറെ സഹായിച്ചിട്ടു t˘. മുമ്പൊരിക്കലും ഇല്ലാത്ത വിധം പ്രാക്റ്റീസ് സെഷനിൽ പന്ത് കൂടുതൽ സമയം പാസ് ചെയ്തു പരിശീലിക്കേ t ി വരുന്നു. നീ t പാസുകൾ നൽകുമ്പോഴാണ് ഈ പന്തിന്റെ മാറ്റം അറിയുന്നത്.

ജാമിയുടെ ആരോപണത്തോട് ഫിഫയും അഡിഡാസും പ്രതികരിച്ചിട്ടില്ല. എന്നാൽ ജബുലാനിയെക്കുറിച്ച് മുമ്പു വന്ന ചില ഒറ്റപ്പെട്ട വിമർശനങ്ങളോട് ഇവർ പ്രതികരിച്ചിരുന്നു. ഉയർന്ന ഭൂപ്രദേശത്തിന്റെ സവിശേഷതകൾ പന്തിൽ പ്രതിഫലിക്കുന്നതാണെന്നും പന്തിന്റെ ഡിസൈൻ ഒരു തരത്തിലും പ്രശ്നമല്ലെന്നുമായിരുന്നു ഫിഫയുടെയും അഡിഡാസിന്റെയും വിശദീകരണം.

ഒരു ഒഫിഷ്യൽ പത്രസമ്മേളനത്തിൽ ജാമി ഈ വിമർശനം ഉന്നയിച്ചതു തീർച്ചയായും ഇംഗ്ല t ˘ ടീമിന്റെ അറിവോടെ തന്നെയാണെന്നാണു കരുതുന്നത്. ഈ ലോകകപ്പിൽ കളിക്കുന്ന മികച്ച ടീമുകളിൽ ഒന്നാണ് ജർമനി എന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല എന്ന ആമുഖത്തോടെയാണു ജാമി അഭിപ്രായം തുറന്നടിച്ചത്. അവരുടെ വിജയത്തിന്റെ ക്രെഡിറ്റ് പന്തിനു നൽകുകയല്ല. അവർ തീർച്ചയായും നന്നായി കളിച്ചിട്ടു തന്നെയാണു വിജയിച്ചത്. എന്നാൽ ഇത്തവണ വളരെ വ്യത്യസ്തതകളോടെ തയാറാക്കിയ പന്ത് നേരത്തെ അവർക്കു പരിചയിക്കാൻ അവസരം കിട്ടിയതു ഗുണമായി. ഇതു മറ്റു ടീമുകൾക്കു കിട്ടിയില്ല. മിക്കവാറും ടീമുകളിലെ പല കളിക്കാരും പ്രാക്റ്റീസ് സമയത്താണു ജബുലാനിയിൽ ആദ്യം കളിക്കുന്നത്. ജാമി തുടർന്നു. കൂടുതൽ ഗോളുകൾ പിറക്കാൻ പാകത്തിനുള്ള പന്താണു തയാറാക്കിയതെന്നു പറയുന്നു. എന്നാൽ ഇത്രയും ദിവസത്തെ കളിക്കിടെ കൂടുതൽ ഗോൾ നേടിയതു ജർമനിയാണ്. പന്തുമായി പരിചയത്തിന്റെ ആനുകൂല്യം തീർച്ചയായും ആ വിജയത്തിൽ ഉ t ˘. ജാമി പറയുന്നു.

ര t ാം റൗണ്ടിന്റെ തുടക്കത്തിൽ ജർമനി–ഇംഗ്ല t ˘ പോരാട്ടം ഏതാ t ˘ ഉറപ്പാണ്. അപ്പോഴേക്കും ജബുലാനിയുമായി ഇംഗ്ലീഷ് കളിക്കാർ കൂടുതൽ അടുത്തില്ലെങ്കിൽ...അറം പറ്റുമോ ജാമിയുടെ ആരോപണം.

ന്യൂസിലൻഡ് ആരാ കക്ഷി?

റസ്റ്റൻബർഗിൽ പോരാട്ടത്തിനിറങ്ങുമ്പോൾ ന്യൂസിലൻഡിനെ കുഞ്ഞുകളി ടീമെന്നായിരുന്നു അവരുടെ സ്വന്തം ആരാധകർ പോലും കിരുന്നത്. എന്നാൽ, അങ്ങനെയല്ല തങ്ങളെന്ന് അവർ തെളിയിച്ചു, സൂപ്പർ പോരാട്ടത്തിലൂടെ... സ്ലൊവാക്യയ്ക്കതിരേയായിരുന്നു വാതുവെയ്പുകാരെ ഞെട്ടിച്ച കളി കിവീസ് പുറത്തെടുത്തത്. മനോഹരമായി ഫുട്ബോൾ കളിക്കാൻ പേരും പെരുമയുമൊന്നും വേ t ന്ന് അവർ തെളിയിച്ചു. ഫ്രാൻസും ഇറ്റലിയുമൊക്കെ വിരസത വിളമ്പിത്തന്ന ലോകകപ്പിനെ ഊർജസ്വലമാക്കിയ ആവേശകരമായ സമനിലയോടെയാണു ന്യൂസിലൻഡ് കളം വിട്ടത്. ര t ാം പകുതിയുടെ തുടക്കത്തിൽ റോബർട്ട് വിറ്റക്കിലൂടെ മുന്നിൽക്കയറിയ സ്ലൊവാക്യയെ ഇഞ്ചുറി ടൈമിന്റെ അവസാനനിമിഷം വിന്റ്സൺ റെയ്ഡിന്റെ ഹെഡ്ഡറിലൂടെയാണു കിവികൾ പിടിച്ചുകെട്ടിയത്. ഇതോടെ ഗ്രൂപ്പ് എഫിൽ ഇരുവർക്കും ഓരോ പോയിന്റ്. ന്യൂസിലൻഡിന്റെ ചരിത്രത്തിലെ ആദ്യ ലോകകപ്പ് പോയിന്റാണിത്.

സ്വതന്ത്രരാജ്യമായി ആദ്യ ലോകകപ്പിനെത്തിയ സ്ലൊവാക്യ തന്നെയായിരുന്നു കേമൻമാർ. ആദ്യപത്തു മിനിറ്റിൽ മികച്ചു നിന്ന കിവികളുടെ കളിയുടെ ഒഴുക്കു തടയാൻ അവർക്കായി. തുടക്കത്തിൽ ലോങ് റേഞ്ചറുകളിലൂടെ ക്രിസ് കില്ലൻ ര t ു തവണ സ്ലൊവാക്യയെ പരീക്ഷിച്ചു. ആദ്യത്തെ ഷോട്ട് പുറത്തേക്കുപോയി. ര t ാമത്തേത് ഗോളി ജാൻമുൻജ പിടിച്ചെടുത്തു. പിന്നീടു താളം വീടെ t ുത്ത സ്ലൊവാക്യ ബോൾ പൊസഷനിലും ഷോട്ടുകളിലും ആധിപത്യമുറപ്പിച്ചു. എന്നാൽ, ഫിനിഷിങ്ങിലെ പോരായ്മ ലീഡ് നിഷേധിച്ചു. ഹാംസിക്കിന്റെയും സ്റ്റാൻസ്ലാവ് സെസ്റ്റാക്കിന്റെയും ഒന്നിലധികം ഷോട്ടുകൾ ലക്ഷ്യം തെറ്റി. ഒന്നാം പകുതി അവസാനിക്കാൻ നിമിഷങ്ങൾ ശേഷിക്കെ ഓൾ വൈറ്റ്സ് ഗോളിമാർക്ക് പാസ്റ്റന്റെ പിഴവിൽ നിന്ന് ലഭിച്ച അവസരം വിറ്റക്കിനു മുതലാക്കാനായില്ല.

ര t ാം പകുതിയിലും ഇരു ടീമുകളും ആക്രമിച്ചു കളിച്ചു. അമ്പതാം മിനിറ്റിൽ സ്ലൊവാക്യയുടെ ഗോൾ പിറന്നു. ന്യൂസിലൻഡ് ഗോൾമുഖത്തെ റെയ്ഡിനൊടുവിൽ സെറ്റക്കിന്റെ വളഞ്ഞുവന്ന ക്രോസിൽ തലവച്ച് വിറ്റക്ക്

ന്യൂസിലൻഡ് വലകുലുക്കി. ഓൾ വൈറ്റ്സ് തിരിച്ചടികൾക്കു ശ്രമിച്ചെങ്കിലും സ്ലൊവാക്യൻ പ്രതിരോധം പാറപോലെ ഉറച്ചുനിന്നു. അവസാന നിമിഷങ്ങളിൽ ന്യൂസിലൻഡ് ആക്രമണങ്ങളുടെ പരമ്പര സൃഷ്ടിച്ചു. അതിന്റെ ഫലമായിരുന്നു സമനിലഗോൾ. 93ാം മിനിറ്റിൽ ഷെയിൻ സ്മെറ്റ്സിന്റെ ക്രോസ് ബോക്സിലേക്കെത്തുമ്പോൾ സ്ലൊവാക്യൻ പ്രതിരോധം ഒന്നു പതറി. അവസരം മുതലെടുത്ത റെയ്ഡറുടെ ഹെഡ്ഡർ സ്ലൊവാക്യൻ ഹൃദയങ്ങളെ തകർത്തുകൊ t ˘ വലകുലുക്കുമ്പോൾ ഗ്യാലറി ഇളകി മറിഞ്ഞു.

ആദി നായർ

CHAKOLA'S
CHAKOLAS
TOOTHPASTE
Unmatched Good Taste
& Freshness
Free
Hi-Tech
Electronic
Toothbrush
ചുരുങ്ങിയ കാലത്തേക്ക് മാത്രം
അവിശ്വസനീയമായ ഓഫർ
11 ദിർഹം മുടക്കി 2 ചാക്കോളാസ് ടൂത്ത്പേസ്റ്റ്
വാങ്ങുമ്പോൾ 35 ദിർഹം വിലയുള്ള
Hi Tech Electronic Toothbrush
സൗജന്യമായി ലഭിക്കുന്നു
35 + 11 = 46
now 11/- only
CHAKOLAS TOOTHPASTE
"ഇനി എങ്ങും ചാക്കോളാസ് പുഞ്ചിരി മാത്രം"
CHAKOLA'S

ഭേദങ്ങൾ മായ്ച്ച് ഏഷ്യ

■ ജാഫർഖാൻ

ഫുട്ബോളിന്റെ ശാക്തിക ബലാബലത്തിൽ ഭൂഖണ്ഡങ്ങൾക്കിടയിലുള്ള കയറ്റിറക്കങ്ങൾ മായുകയാണോ? ലോകകപ്പിന്റെ പെരുങ്കളിയാട്ട വേദിയിൽ ജപ്പാൻ കാമറൂണിനെ തോൽപ്പിക്കുന്നു. അതും ആഫ്രിക്കൻ ഭൂഖണ്ഡത്തിൽ. ദക്ഷിണ കൊറിയ ര t് ഗോളുകൾക്ക് മുൻ യൂറോപ്യൻ ചാമ്പ്യൻമാരായ ഗ്രീസിനെ വീഴ്ത്തുന്നു. ബ്രസീലിനെ ഞെട്ടിച്ച ഉത്തരകൊറിയയുടെ പ്രകടനം ലോകഫുട്ബോളിലെ നാഴികകല്ലുകളിൽ ഒന്നായി. ദക്ഷിണാഫ്രിക്കൻ ലോകകപ്പിലെ ഗ്രൂപ്പ് റൗ t് ആദ്യപാദ മത്സരങ്ങൾ പിന്നിടുമ്പോൾ തലയുയർത്തി നിൽക്കുന്നത് ഏഷ്യൻ ഭൂഖണ്ഡമാണ്. ഫുട്ബോളിലെ വികസ്വര രാജ്യങ്ങൾ എന്ന് വിളിക്കപ്പെട്ട കൊറിയൻ ടീമുകളും ജപ്പാനുമെല്ലാം കരുത്ത് വ്യക്തമാക്കി. ലോകകപ്പിന്റെ ആദ്യ റൗ t് മത്സരങ്ങളിൽ യൂറോപ്യൻ ചാമ്പ്യൻമാരായ സ്പെയിൻ മാത്രമാണ് തോറ്റവരിൽ പ്രമുഖർ. ബ്രസീലും, അർജന്റീനയും ജർമനിയുമെല്ലാം ജയിച്ചു തുടങ്ങിയപ്പോൾ ഇറ്റലിയും ഫ്രാൻസുമെല്ലാം സമനിലയോടെയാണ് ആഫ്രിക്കയിൽ കളി തുടങ്ങിയത്.

ദക്ഷിണ കൊറിയക്ക് പിന്നാലെ ജപ്പാനും ഏഷ്യൻ പതാകയുമായി ആഫ്രിക്കൻ മണ്ണിൽ തലയുയർത്തി നിന്നപ്പോൾ, സാമുവൽ എറ്റുവിന്റെ സിംഹങ്ങൾ തലകുനിച്ചു. ഗ്രൂപ്പ് ഇ മത്സരത്തിൽ ഏകപക്ഷീയമായ ഒരു ഗോളിനാണ് ജപ്പാൻ കാമറൂണിനെ തോൽപ്പിച്ചത്. 49-ാം മിനിറ്റിൽ കൈസൂക്കെ ഹേയാണ് ജപ്പാന്റെ വിജയ ഗോൾ നേടിയത്. ഫ്രീ സ്റ്റേറ്റ് സ്റ്റേഡിയത്തിൽ കരുത്തരായ കാമറൂണിന്റെ പാരമ്പര്യം പരിഗണിക്കെ, ഇടവേളയില്ലാത്ത ആക്രമണമായിരുന്നു ജപ്പാന്റെ തന്ത്രം. ഒഷിതോ ഒക്കുബോയും കൈസൂക്കെ ഹേയുമെല്ലാം ചേർന്ന് കാമറൂണിനെ വരിഞ്ഞു കെട്ടി. അതി വേഗമാർന്ന നീക്കങ്ങളിൽ എതിരാളികളെ ഞെട്ടിച്ച ജപ്പാൻ ലോംഗ് റേഞ്ച് ഷോട്ടുകളും നിരന്തരം പറത്തി. ഇതോടെ കാമറൂണിന്റെ മധ്യനിരക്ക് പോലും പ്രതിരോധക്കാരായി വേഷം മാറേ t l വന്നു. ഇതിനിടെയാണ് 39-ാം മിനിറ്റിൽ ഹോ കാമറൂൺ വലയിൽ പന്തെത്തിച്ചത്. എന്നാൽ ര t ാം പകുതിയിൽ സടകുടഞ്ഞഴുന്നേറ്റ ആഫ്രിക്കൻ സിംഹങ്ങൾ സാമുവൽ ഏറ്റുവിന്റെ നേതൃത്വത്തിൽ കനത്ത ആക്രമണം അഴിച്ചു വിട്ടു. ജപ്പാൻ ഗോളി കപാഷീമയും പ്രതിരോധ നിരക്കാരുമെല്ലാം ഉറച്ചു നിന്നതോടെ കാമറൂൺ തോൽവിയിലേക്ക് വഴുതി. 86-ാം മിനിറ്റിൽ എയോംഗ് ഇനോഹയും ഇഞ്ചുറി ടൈമിൽ സാമുവൽ എറ്റുവും നടത്തിയ ഗോൾ ശ്രമത്തിൽ നിന്ന് അൽപം ഭാഗ്യത്തിന്റെ പിന്തുണയോടെയാണ് ജപ്പാൻ അതിജീവിച്ചത്. ഇനോഹയുടെ ഷോട്ട് ബാറിൽ തട്ടിത്തെറിക്കുകയായിരുന്നു. ഗ്രൂപ്പ് ഇയിൽ ജപ്പാനും ഹോളിനും മൂന്ന് പോയിന്റ് വീതമായി. കൊറിയൻ ഉപദ്വീപിൽ നിന്നുള്ള കൊടുങ്കാറ്റ് പസഫിക്കും ഇന്ത്യൻ മഹാസമുദ്രവും പിന്നിട്ട് അത്‌ലാന്റിക് തീരത്തെ പോർട്ട് എലിസബത്തിൽ ചുഴലിക്കാറ്റായി രൂപം മാറി. കരയടുക്കാൻ കാത്തിരുന്ന ഗ്രീക്ക് പടക്കപ്പലിനെ ആ ചുഴലിയെടുത്തു.

ആളൊഴിഞ്ഞ, കരുത്ത് ചോർന്ന പടക്കപ്പലുമായി ലോകകപ്പിൽ അങ്കം കുറിക്കാൻ വന്ന ഗ്രീക്ക് സംഘത്തിന് ദക്ഷിണ കൊറിയൻ മായപ്പട്ടാളത്തിന്റെ ഇരുട്ടടി, ഗ്രൂപ്പ് ബിയിലെ ആദ്യ മത്സരത്തിന് നെൽസൺ മലേ ബേയിൽ ഫൈനൽ വിസിൽ മുഴങ്ങുമ്പോൾ, ദക്ഷിണ കൊറിയ -2 ഗ്രീസ് -0. അലകടൽ പോലെ ഗ്രീക്ക് പ്രതിരോധം ആക്രമിച്ച് കൊ t് മത്സരത്തിന്റെ 90 മിനുട്ടും ആഞ്ഞു പൊരുതിയ ഏഷ്യൻ ടീം തീർത്തും അർഹിച്ച ജയമാണ് സ്വന്തമാക്കിയത്. മാഞ്ചസ്റ്റർ യുനൈറ്റഡ് താരം പാർക്ക് ജി സങ്ങിന്റെ നായകത്വത്തിൽ കളത്തിലിറങ്ങിയ ദക്ഷിണ കൊറിയ മത്സരത്തിന്റെ ഏഴാം മിനിറ്റിൽ തന്റെ ആദ്യ ഗോൾ നേടി.

മധ്യ പ്രതിരോധ തിരകൾ ചേർന്ന് നടത്തിയ മിന്നലാക്രമണത്തിനൊടുവിൽ, താഴ്ന്നിറങ്ങിയ ക്രോസ് വലയിലേക്ക് തിരിച്ചു വിട്ടുകൊ t് ജങ് സൂ ലിയാണ് ഗ്രീക്ക് ഹൃദയം ആദ്യം പിളർത്തിയത്. ഒരു ഗോളിന്റെ ആവേശത്തിൽ വീ t ും വീ t ും ഗോൾ ദാഹത്തോടെ കൊറിയൻ ചെങ്കുപ്പായക്കാർ ഗ്രീക്ക് ഹാഫിലേക്ക് പടയോട്ടം നടത്തിക്കൊ t l രുന്നു. എന്നാൽ ഓട്ടോ റേഹ്ഗാൾ പരിശീലിപ്പിക്കുന്ന മുൻ യൂറോപ്യൻ ചാമ്പ്യൻമാർക്ക് തന്ത്രങ്ങളു t ായിരുന്നില്ല. ചലനമറ്റ് കിടന്ന മധ്യനിര ഗ്രീസിനെ തീരെ ദുർബലമാക്കി. കട്സോയാനിസും ഗേക്കാസുമെല്ലാം ഇടക്കിടെ മുന്നേറ്റങ്ങൾക്ക് കോപ്പു കൂട്ടിയെങ്കിലും കൊറിയൻ ഗോൾ ഏരിയയുടെ അടുത്ത് പോലും എത്താൻ കഴിഞ്ഞില്ല.

ആദ്യ പകുതിയിൽ കൂടുതൽ ഗോൾ വഴങ്ങാതെ പിടിച്ചു നിന്ന ഗ്രീസിന് ര t ാം പകുതിയിലും തന്ത്രങ്ങളു t ായിരുന്നില്ല. കൊറിയൻ ആക്രമണങ്ങളെ ചെറുക്കുക എന്ന ഒരേയൊരു ലക്ഷ്യത്തിലായിരുന്നു മത്സരത്തിന്റെ ഭൂരിപക്ഷം സമയത്തും ഗ്രീക്കുകാർ. 50-ാം മിനിറ്റിൽ യംഗ്പാർക്കിനെ ഫൗൾ ചെയ്തതിന് ടൊറോസിഡിസ് മഞ്ഞക്കാർഡ് ക t ു. പരുക്കൻ അടവുകളെടുത്ത് കൊറിയൻ മുന്നേറ്റങ്ങളെ പ്രതിരോധിച്ച ഗ്രീസിന് ന്യൂസിലാൻഡ് റഫറി മൈക്കൽ ഹെസ്റ്ററിന്റെ കാരുണ്യത്തിലാണ് ഏറെ ബുക്കിംഗ് ലഭിക്കാതിരുന്നത്. 52-ാം മിനിറ്റിലാണ് കൊറിയ വിജയമുറപ്പിച്ച ഗോൾ നേടിയത്. മധ്യനിരയിൽ നിന്ന് ഒരു ബാക്ക് പാസ് പിടിച്ചെടുത്ത് മുന്നേറിയ പാർക്ക് ജി സങ്, ഡിഫൻഡർമാരായ ലൂക്കാസിനെയും പാപ്പഡോപ്പുലസിനെയും കബളിപ്പിച്ച് ഗോൾ കീപ്പർ സോറാവാസിനും അവസരമൊന്നും നൽകാതെ പന്തിനെ വലയിലേക്ക് തിരിച്ചുവിട്ടു. തുടർന്നും ഏറെ അവസരങ്ങൾ കൈവന്നെങ്കിലും മുതലാക്കാൻ കൊറിയക്കായില്ല. 81-ാം മിനിറ്റിൽ കൊറിയയുടെ 17-ാം നമ്പർ താരത്തിന്റെ ശക്തിയേറിയ ലോംഗ് റേഞ്ചർ ഗ്രീക്ക് ഗോളി സർക്കസ് അഭ്യാസിയെ പോലെ ഉയർന്ന് ചാടിയാണ് രക്ഷപ്പെടുത്തിയത്. ഗ്രൂപ്പ് ബിയിൽ ആധികാരിക ജയം കുറിച്ച കൊറിയ 19-ാമത് ലോകകപ്പിലെ ആദ്യ വിജയം കൂടിയാണ് സ്വന്തമാക്കിയ ഫിഫയുടെ ഒന്നാം റാങ്കുകാരായ ബ്രസീലിനെതിരെ 2-1ന് തോറ്റെങ്കിലും നൂറാം റാങ്കിനപ്പുറം കിടക്കുന്ന ഉത്തര കൊറിയിയുടെ പ്രകടനവും അവിസ്മരണീയമായി. ഫിഫ പ്രസിഡന്റ് പറഞ്ഞപോലെ ഫുട്ബോളിന്റെ ഭാവി ഏഷ്യയിൽ തന്നെയാണോ? മറ്റൊരു അവിസ്മരണീയ മത്സരം ഇംഗ്ല t ും അമേരിക്കയും തമ്മിലുള്ളതായിരുന്നു. റഗ്ബിയുടെ നാട്ടിൽ ഫുട്ബോളിനും മേൽവിലാസമു t് എന്ന് കാണിച്ച് കൊടുക്കുന്നതായിരുന്നു, ഇംഗ്ലീഷ് ഗർവിനെ സമനിലയിൽ കുരുക്കിയ യാങ്കികളുടെ പ്രകടനം

CHAKOLA'S
Chakolas Hairon
“നിങ്ങളുടെ മുടിയുടെ അഴകിനും
ആരോഗ്യത്തിനും”
CHAKOLA
هير أون
HAIR ON
زيت ترطيب قبل الشامبو
Preshampoo Oil Conditioner
HAIR ON
35 അത്യമൂല്യമായ ചേരുവകൾ ചേർത്ത്
മൂന്നാവർത്തി കാച്ചികുറുക്കിയ Chakolas Hairon
കുളിക്കുന്നതിനു മുമ്പ് മൂന്ന് മിനിട്ട് മസ്സാജ് ചെയ്താൽ
താരനുണ്ടാവില്ല ഗ്യാരണ്ടി, മുടികൊഴിച്ചിൽ കുറയും, ഉറപ്പ്
Dandruff Free Hair Guaranteed. Massage 3 minutes before bath

ഡെത്ത് സർട്ടിഫിക്കറ്റ്

■ ആദി നായർ

നാലു വർഷം കൂടുമ്പോൾ ലോകകപ്പിന്റെ ഗ്രൂപ്പുകൾ പ്രഖ്യാപിച്ചാലുടൻ ഒരു ഗ്രൂപ്പിനു മാധ്യമങ്ങൾ ഒരു പേരു നൽകും മരണ ഗ്രൂപ്പ്, ഗ്രൂപ്പ് ഒഫ് ഡെത്ത്. ഇത്തവണ ബ്രസീലും പോർച്ചുഗലും ഐവറികോസ്റ്റും ഉൾപ്പെട്ട ഗ്രൂപ്പ് ജിക്കാണ് ആ പേരു വീണത്. മുൻ ചാംപ്യന്മാരെങ്കിലും ബ്രസീലിനു കടുത്ത വെല്ലുവിളി ഉയർത്താൻ സജ്ജരാണു 2006ലെ സെമിഫൈനലിസ്റ്റുകളായ പോർച്ചുഗലും ആഫ്രിക്കൻ കരുത്തുമായെത്തിയ ഐവറി കോസ്റ്റും. ഉത്തര കൊറിയക്കെതിരായ ആദ്യ കളി കഴിഞ്ഞതോടെ ബ്രസീലിനു കാര്യം പിടികിട്ടിയിട്ടു t˘.

ഗ്രൂപ്പായിരുന്നു. അന്ന് സ്പെയ്നിൽ ഗ്രൂപ്പ് സിയിൽ ബ്രസീലും അർജന്റീനയും ഇറ്റലിയും. 1986ൽ ഈ വിളി കേൾക്കാനുള്ള വിധി ഇ ഗ്രൂപ്പിന്. ഉറുഗ്വെ, പശ്ചിമ ജർമനി, ഡെൻമാർക്ക്, ഹോള t˘. 1988ൽ സ്പെയ്നും നൈജീരിയയും ബൾഗേറിയയും പരാഗ്വെയും അടങ്ങിയ ഗ്രൂപ്പിനെ മാധ്യമങ്ങൾ മരണഗ്രൂപ്പെന്നു വിളിച്ചു. അപ്പോൾ സ്പെയ്നിന്റെ കോച്ച് ജാവിയർ ക്ലെമെന്റെ പ്രതികരിച്ചു, ഇത് മരണ ഗ്രൂപ്പല്ല, ഹൃദയാഘാതങ്ങളുടെ ഗ്രൂപ്പാണ്. കോച്ചിന്റെ വാക്ക് അറം പറ്റി, ആ ഹൃദയാഘാതത്തെ അന്ന് സ്പെയ്ൻ അതിജീവിച്ചില്ല.

ശരിക്കും കടുകട്ടി, ഡു ഓർ ഡൈ–മരണഗ്രൂപ്പു തന്നെ.

1970 ലെ മെക്സിക്കോ ലോകകപ്പിലാണു മരണ ഗ്രൂപ്പ് എന്ന പ്രയോഗം വളരെ സജീവമായി ആദ്യം ഉപയോഗിച്ചത്. അന്നത്തെ ചാംപ്യന്മാരായ ഇംഗ്ല t˘, ബ്രസീൽ, ചെക്കോസ്ലോവാക്യ, പിന്നെ റുമേനിയ ഇവർ ഉൾപ്പെട്ട മൂന്നാമത്തെ ഗ്രൂപ്പിനെയാണു മെക്സിക്കൻ മീഡിയ മരണഗ്രൂപ്പ് എന്നു വിളിച്ചത്. അവരുടെ ഭാഷയിൽ ഗ്രൂപ്പോ ഡെ ലാ മ്യുർട്ടെ. 1982ൽ അക്ഷരാർഥത്തിൽ ഗ്രൂപ്പ് ഒഫ് ഡെത്ത് സി

CHAKOLA'S

Chakolas Ayurvedic Soap

"ഇനി ചാക്കോളാസ് കഷായകുളി മാത്രം"

ഹാനീകരമായ കെമിക്കൽ പച്ചകളർ ചേർക്കാത്ത ലോകത്തിലെ ഏകആയുർവ്വേദ സോപ്പ്

പരീക്ഷണങ്ങളിൽ ഗുണമേന്മ തെളിയിച്ച ഏകആയുർവ്വേദ സോപ്പ്

ഇതിലെ അമൂല്യ ചേരുവകൾ നിങ്ങളുടെ ചർമ്മത്തിന് മൃദുത്വവും അഴകും നല്കുന്നു

Original colour

Feel & Health

by Ayurveda

അമൃതം റെജിയെ ദുബൈ കെ.എം.സി.സി പുരസ്കാരം നൽകി ആദരിച്ചു

ബെന്നി വർഗീസ് :

ദുബൈ: യുവ കാർഷിക ഗവേഷകനും ആദ്യ ബയോ കാർഷിക സർവകലാശാലാ സംരംഭകനുമായ അമൃതം റെജിയെ ദുബൈ കെ.എം.സി.സി സംസ്ഥാന കമ്മിറ്റി പുരസ്കാരം നൽകി ആദരിച്ചു. സ്വീകരണ യോഗം മുസ്ലിം ലീഗ് സംസ്ഥാന ജനറൽ സെക്രട്ടറി പി.കെ കുഞ്ഞാലിക്കുട്ടി ഉദ്ഘാടനം ചെയ്തു. വ്യാവസായിക-സാംസ്കാരിക മേഖലകളിൽ വ്യക്തിമുദ്ര പതിപ്പിക്കുന്നവരെ ആദരിക്കാൻ കെ.എം.സി.സി കാട്ടുന്ന ഔത്സുക്യം പ്രശംസനീയമാണെന്ന് കുഞ്ഞാലിക്കുട്ടി പറഞ്ഞു. അമൃതം റെജിയുടെ നേതൃത്വത്തിൽ ഷാർജയിൽ ആരംഭിക്കുന്ന ബയോ അഗ്രികൾചറൽ യൂണിവേഴ്സിറ്റി ഗൾഫ് മേഖലകളിൽ കാർഷിക വിപ്ളവം സൃഷ്ടിക്കുമെന്ന് തന്നെ പ്രതീക്ഷിക്കാം. എല്ലാ മതങ്ങളും വിശ്വാസങ്ങളും പ്രോത്സാഹിപ്പിക്കുന്ന മേഖലയാണ് കൃഷി. ഈ രംഗത്തെ മുന്നേറ്റം ഏതൊരു രാജ്യത്തെയും സ്വയം പര്യാപ്തമാക്കുമെന്നതിൽ സംശയമില്ല. വ്യാവസായിക – വാണിജ്യ രംഗത്ത് വൻ മുന്നേറ്റം കാഴ്ചവെച്ച യു.എ.ഇ കാർഷിക രംഗത്ത് കൂടുതൽ ശ്രദ്ധപതിപ്പിക്കുന്നത് ഈ രാജ്യത്തെ കൂടുതൽ പുരോഗതിയിലേക്ക് നയിക്കും. ഇന്ധനമാണ് ഇന്ന് അറബ് രാജ്യങ്ങളുടെ പ്രധാന മൂലധനം. ഈ അവസ്ഥ ദീർഘകാലം നിലനിൽക്കുമെന്നതിൽ ഒട്ടും സംശയമില്ല. എന്നിട്ടും പുതിയ തൊഴിൽസാധ്യത മേഖലകളിലേക്ക് പ്രയാണം നടത്താനുള്ള ശ്രമങ്ങൾ തന്നെയാണ് ഈ രാജ്യത്തിന്റെ പുരോഗതിയിലേക്ക് നയിക്കുന്നത്. കാർഷിക രംഗത്തും യു.എ.ഇ സ്വയംപര്യാപതമായാൽ ലോകത്തിലെ വൻകിട രാജ്യങ്ങളിൽ മുൻ നിരയിലായിരിക്കും യു.എ.ഇയുടെ സ്ഥാനമെന്നും കുഞ്ഞാലിക്കുട്ടി പറഞ്ഞു. കാർഷിക രംഗത്തെ പുരോഗതിക്കായി പ്രയത്നിക്കുന്ന അമൃതം റെജിയെ പോലുള്ളവരെ അംഗീകരിക്കുന്നതും ആദരിക്കുന്നതും മഹത്തരമായ കാര്യം തന്നെയാണെന്നും കുഞ്ഞാലിക്കുട്ടി കൂട്ടിച്ചേർത്തു. ചടങ്ങിൽ ദുബൈ കെ.എം.സി.സി സംസ്ഥാന പ്രസിഡന്റ് ഇബ്രാഹിം എളേറ്റിൽ അധ്യക്ഷത വഹിച്ചു. ചന്ദ്രിക ഡയറക്ടർ പി.വി അബ്ദുൽ വഹാബ് മുഖ്യപ്രഭാഷണം നടത്തി. ദുബൈ കെ.എം.സി.സി

പ്രമുഖ വ്യവസായിയും കാർഷിക ഗവേഷകനുമായ അമൃതം റെജിക്ക് ദുബൈ കെ.എം.സി.സിയുടെ പുരസ്കാരം പി.കെ കുഞ്ഞാലിക്കുട്ടി നൽകുന്നു

പുരസ്കാരം അമൃതം റെജിക്ക് പി.കെ. കുഞ്ഞാലിക്കുട്ടി നൽകി. ഹുസൈനാർ ഹാജി എടച്ചാക്കൈ, സലാം പാപ്പിനിശ്ശേരി, എം.എസ് അലവി, ബീരാവുണ്ണി തൃത്താല സംസാരിച്ചു. മുഹമ്മദ് പട്ടാമ്പി സ്വാഗതവും വി.എം ബാവ നന്ദിയും പറഞ്ഞു. തുടർന്ന് നടന്ന മാധ്യമ സെമിനാറിൽ സൈനുദ്ദീൻ ചേലേരി മോഡറേറ്ററായിരുന്നു. സാംസ്കാരിക പ്രവർത്തകരായ പി.കെ ഗോപി, എം.എ ജോൺസൺ, ജലീൽ പട്ടാമ്പി (മിഡിലീസ്റ്റ് ചന്ദ്രിക), പി.വി.എസ്. ഷിഹാബ് (ചന്ദ്രിക), ബെന്നി വർഗ്ഗീസ് (കേരള കൗമുദി)സംസാരിച്ചു

വേതന സംരക്ഷണനിയമം അടുത്ത മാസം ജൂലൈ ഒന്നു മുതൽ നിർബന്ധം

ദുബൈ: ജീവനക്കാരുടെ മാസവേതനം ബേങ്കുവഴിയോ അംഗീകൃത ധനകാര്യ സ്ഥാപനങ്ങൾ വഴിയോ വിതരണം ചെയ്യാൻ നിഷ്കർഷിക്കുന്ന വേതന സംരക്ഷണ സംവിധാനം (ഡബ്ലിയു പി എസ്) നടപ്പിലാക്കാൻ സ്ഥാപനങ്ങൾക്കു നൽകിയ സാവകാശം അടുത്ത മാസം അവസാനിക്കും. സിസ്റ്റം നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ലാത്ത സ്ഥാപനങ്ങൾക്ക് തൊഴിൽ മന്ത്രാലയം ഓർമപ്പെടുത്തൽ അറിയിപ്പ് അയച്ചു തുടങ്ങി.

ജൂലൈ ഒന്നാണ് രാജ്യത്തു പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങൾക്കും പദ്ധതിയുടെ ഭാഗമാകുന്നതിന് നൽകിയ സാവകാശം. കൂടുതൽ തൊഴിലാളികളുള്ള സ്ഥാപനങ്ങളുടെ സാവകാശം നേരത്തേ അവസാനിച്ചിരുന്നു. നിശ്ചിത ദിവസത്തിനകം പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കിയിട്ടില്ലെങ്കിൽ സ്ഥാപനങ്ങളുമായുള്ള എല്ലാ ഇടപാടുകളും നിർത്തിവെക്കുമെന്നാണ് തൊഴിൽ മന്ത്രാലയം അറിയിപ്പിൽ പറയുന്നത്. തൊഴിൽ പെർമിറ്റുകൾ അനുവദിക്കൽ ഉൾപ്പെടെയുള്ള സേവനങ്ങളാണ് നിർത്തുകയെന്ന് സർക്കുലറിൽ എടുത്തു പറയുന്നു. ഇതുവരെ പദ്ധതി നടപ്പിലാക്കിയിട്ടില്ലാത്ത സ്ഥാപനങ്ങൾക്കാണ് പ്രത്യേക അറിയിപ്പു അയച്ചിരിക്കുന്നത്.

സംവിധാനം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് വിവരങ്ങൾ അറിയുന്നതിനും നടപടിക്രമങ്ങൾ പൂർത്തിയാക്കുന്നതിനും 800665 എന്ന ടോൾ ഫ്രീ നമ്പരിലോ 02 4183874, 02 4183893 (അബുദാബി), 04 7023328, 04 7023329 (ദുബൈ) എന്നീ നമ്പരുകളിലും വിളിക്കാം. ഇ മെയിൽ മുഖേനയുള്ള അന്വേഷണങ്ങൾക്ക് wps@mol.gov.ae എന്ന വിലാസത്തിൽ ബന്ധപ്പെടാമെന്നും അറിയിപ്പ് വ്യക്തമാക്കുന്നു.

2009ലെ മന്ത്രിസഭാ തീരുമാനപ്രകാരമാണ് രാജ്യത്ത് നിർബന്ധിത വേതനസംരക്ഷണ നിയമം നിലവിൽ വന്നത്. ജീവനക്കാരുടെ മാസവേതനം യഥാസമയം ലഭിക്കുന്നുവെന്ന് ഉറപ്പു വരുത്തുന്നതിനുള്ള തൊഴിലവകാശ സംരക്ഷണ നടപടികളുടെ ഭാഗമായാണ് പദ്ധതി നടപ്പിലാക്കാൻ തൊഴിൽ മന്ത്രാലയം മുൻകൈയെടുത്തത്. വർഷങ്ങൾക്കുമുമ്പു തന്നെ തൊഴിൽ മന്ത്രാലയം ഇലക്ട്രോണിക് ശമ്പളവിതരണത്തിനുള്ള നടപടികൾ ആരംഭിച്ചിരുന്നവെങ്കിലും നടപ്പിൽ വരുത്തുന്നതിലെ സാങ്കേതിക തടസങ്ങളെത്തുടർന്ന് വൈകുകയായിരുന്നു. യു എ ഇ സെൻട്രൽ ബേങ്കിന്റെ നേതൃത്വത്തിലാണ് നിലവിലുള്ള ഡബ്ലിയു പി എസ് സംവിധാനം നിലവിൽ വന്നത്.

ദുബൈ: കലാസാംസ്കാരിക സംഘനടയായ തിരുവനന്തപുരം ജില്ലാ പ്രവാസി സംഘനട (ടെക്സാസ്) അഞ്ചാം വാർഷികാഘോഷം ടെക്സാസ് രാഗലയം എന്ന പേരിൽ നടന്നു. അൽ നാസൽ ലഷർ ലാൻഡിൽ നടന്ന പരിപാടി ഇന്ത്യൻ കോൺസുൽ ജനറൽ സഞ്ജയ് വർമ ഉദ്ഘാടനം ചെയ്തു. നടൻ മനോജ് കെ ജയൻ മുഖ്യാതിഥിയായി പങ്കെടുത്തു. സെൻട്രൽ കമ്മിറ്റി പ്രസിഡന്റ് മോഹൻകുമാർ, ജന. സെക്രട്ടറി ടോംദാസൻ, ഭാരവാഹികളായ റുബൺ ഗോമസ്, ജേക്കബ് ജോൺ പങ്കെടുത്തു. വിജയ് യേശുദാസ്, റിമി ടോമി, ഗായത്രി, കലാഭവൻ നവാസ് എന്നിവരുടെ നേതൃത്വത്തിൽ സംഗീത പരിപാടി നടന്നു

യൂസേഴ്സ് ഫീ നടപ്പിലാക്കരുത്

ദുബൈ: തിരുവനന്തപുരം വിമാനത്താവളത്തിൽ നടപ്പിലാക്കാൻ നിർദേശിച്ച യൂസേഴ്സ് ഫീ പിൻവലിക്കണമെന്ന് ദുബൈ പ്രിയദർശിനി കേന്ദ്ര സിവിൽ ഏവിയേഷൻ മന്ത്രിയോടും ബന്ധപ്പെട്ട ഭരണാധികാരികളോടും പ്രമേയത്തിലൂടെ അഭ്യർഥിച്ചു.

സാമ്പത്തിക മാന്ദ്യവും പ്രയാസങ്ങളും അനുഭവിക്കുന്ന വിദേശ മലയാളികളിൽനിന്നു മാത്രം യൂസേഴ്സ് ഫീ ഈടാക്കുന്നതിൽ അനൗചിത്യമു t്. ഇതേവിമാനത്താവളത്തിൽനിന്നുള്ള ആഭ്യന്തര യാത്രക്കാരിൽനിന്നും തുക ഈടാക്കുന്നില്ലെന്നത് വിചിത്രമാണ്. സാമ്പത്തിക ഭദ്രതയുള്ളവരാണ് നാട്ടിൽ ആഭ്യന്തര സർവീസുകളിൽ യാത്ര ചെയ്യുന്നത്. ഗൾഫ് യാത്രക്കാരിൽ ഭൂരിപക്ഷവും സാധാരണക്കാരാണെന്നരിക്കേ നിർദിഷ്ട യൂസേഴ്സ് ഫീ പിൻവലിക്കാൻ അധികൃതർ തയ്യാറാകണമെന്ന് രക്ഷാധികാരി സി ആർ ജി നായർ ആവശ്യപ്പെട്ടു.

നോൺ റസിഡന്റ് എൻആർഐ അസോസിയേഷൻ അസോസിയേഷൻ (നോർമ യുഎഇ) സ്വീകണ സമ്മേളനത്തിൽ എം മുരളി എംഎൽഎ മറുപടി പ്രസംഗം നടത്തുന്നു. നോർമ സെക്രട്ടറി പോൾ ജോർജ് പൂവത്തേരിൽ, ഷാർജ ഇന്ത്യൻ അസോസിയേഷൻ പ്രസിഡന്റ് കെ ബാലകൃഷ്ണൻ, നോർമ ട്രഷറർ കെകെ ഷാജി, പ്രസിഡന്റ് മേരിദാസൻ തോമസ്, മാവേലിക്കര ബിഷപ് മൂർ കോളജ് പ്രിൻസിപ്പൽ ഡോ. മാത്യു കോശി പുന്നക്കാട്, ജി. മോഹൻദാസ്, ഭാസ്കർരാജ് സമീപം

പ്രവാസി ഭാരതി കേരള ജേതാവായ സിആർജി നായർക്ക് ദുബൈ പ്രിയദർശിനി നൽകിയ സ്വീകരണത്തിൽ ഇന്ത്യൻ കോൺസുൽ ജനറൽ സഞ്ജയ് വർമ പൊന്നാടയണിയിക്കുന്നു

മാവേലിക്കര ബിഷപ് മൂർ കോളജ് അലുംനി അസോസിയേഷൻ ദശവാർഷികത്തോടനുബന്ധിച്ച് ദുബൈയിൽ സംഘടിപ്പിച്ച ചായങ്ങൾ എന്ന സ്റ്റേജ് ഷോ കോളജ് പ്രിൻസിപ്പൽ ഡോ. മാത്യു കോശി പുന്നക്കാട് ഉദ്ഘാടനം ചെയ്യുന്നു. പോൾ ജോർജ്, റോജിൻ പൈനുമൂട്, എം മുരളി എംഎൽഎ, പ്രൊഫ. വിസി ജോൺ, ഷിനോയ് സോമൻ, മോൻസി ജോൺ, കാർത്തികേയൻ, എം രാധാകൃഷ്ണൻ സമീപം

അൽ ഐൻ റെയിൽ ഗതാഗത പദ്ധതിക്ക് മാസ്റ്റർ പ്ലാൻ തയ്യാറായി

അബുദാബി: അൽ ഐനിലും എമിറേറ്റിന്റെ കിഴക്കൻമേഖലകളിലും റെയിൽ പദ്ധതി നടപ്പിലാക്കാൻ അബുദാബി ട്രാൻസ്പോർട്ട് ഡിപ്പാർട്ട്മെന്റ് (ഡോട്ട്) പദ്ധതി തയ്യാറാക്കുന്നു. അബുദാബിയിൽ നടപ്പിലാക്കുന്ന ഗതാഗതവികസന പദ്ധതിയുടെ ഭാഗമായാണ് അൽ ഐനിലും റെയിൽ പദ്ധതി നടപ്പിലാക്കുന്നത്. അൽ ഐൻ റെയിൽ പദ്ധതിയുടെ പ്രഥമ രൂപരേഖ ട്രാൻസ്പോർട്ട് ഡിപ്പാർട്ട്മെന്റ് അംഗീകരിച്ചിട്ടു ത്. മെട്രോ റെയിലിനൊപ്പം ട്രാം പദ്ധതിയും നടപ്പിലാക്കുന്നു. ബ്രിട്ടൺ ആസ്ഥാനമായി പ്രവർത്തിക്കുന്ന അരൂപ്, കാനഡയിലെ ഐബി ഐ ഗ്രൂപ്പ് സംയുക്തമായാണ് പദ്ധതിയുടെ മാസ്റ്റർപ്ലാൻ തയ്യാറാക്കിയത്. വിവിധ ഘട്ടങ്ങളിലായി 2020 നുള്ളിൽ നടപ്പിലാക്കാനായി ബഹുമുഖ ഗതാഗത പദ്ധതികളാണ് അബുദാബി എമിറേറ്റിൽ തയ്യാറാക്കിയിരിക്കുന്നത്. ര t ഘട്ടങ്ങളിലായി നടപ്പിലാക്കുന്ന പദ്ധതിയിൽ ഹ്രസ്വകാല, ദീർഘകാല ഗതാഗത പദ്ധതികളാണ് തയ്യാറാക്കിയിരിക്കുന്നത്. സ്ട്രീറ്റ് ലൈറ്റുകൾ, റൗ t എബൗട്ടുകൾ, പാർക്കിംഗ് സ്ഥലങ്ങൾ എന്നിവയും നടപ്പിലാക്കുന്നു t.

THE CALICUT TIMES
മലയാളനാട്

مليال نادو لتجارة الصحف و المجلات
Malayala Nadu
Newspaper & Distribution Trading

നിങ്ങളുടെ പ്രിയപ്പെട്ട 'മലയാളനാട്' ഇപ്പോഴിതാ നിങ്ങളുടെ വിരൽത്തുമ്പിൽ

മലയാളനാട് പത്രത്തിന്റെ ഓരോ ലക്കവും ഇനി മുതൽ ഇ-മെയിലായും നിങ്ങൾക്ക് ലഭ്യമാകുന്നു.
അതിനായി നിങ്ങളുടെ ഇ-മെയിൽ വിലാസം ഉടൻ തന്നെ **050 9824069** എന്ന നമ്പരിലേക്ക് **sms** ചെയ്യുകയേ വേണ്ടൂ.

ആനുകാലിക പ്രാധാന്യമുള്ള വാർത്തകൾ,ഫോട്ടോകൾ എന്നിവ പ്രസിദ്ധീകരണത്തിനായി ഞങ്ങളുടെ വിലാസത്തിൽ അയച്ചുതരിക

Malayalanaadu Newspaper & Distribution Trading LLC

P.O.Box 122410, Dubai, Tel:**+971 4 257 88 22** Fax: **+971 4 262 64 31,** email: news@malayalanaadu.com

യു എ ഇയിലെ ലുലുവിൽ മാമ്പഴോത്സവത്തിനു തുടക്കമായി.

യു എ ഇയിലെ ലുലുവിൽ മാമ്പഴോത്സവത്തിനു തുടക്കമായി. പത്തു മാമ്പഴോത്സവങ്ങളുടെ ഉദ്ഘാടനം അഗ്രികൾചറൽ പ്രോഡക്ട് എക്സ്പോർട്ട് ഡവലപ്മെന്റ് അതോറിറ്റി ചെയർമാൻ അസിത് ത്രിപതി നിർവഹിച്ചു. അബുദാബി ലുലു ഹൈപർമാർക്കറ്റിൽ നടക്കറ്റിൽ നടന്ന ചടങ്ങിൽ എം കെ ഗ്രൂപ്പ് എം ഡി. എം എ യൂസുഫലിയും പങ്കെടുത്തു. 17 രാജ്യങ്ങളിലെ ലുലു ഹൈപ്പർമാർക്കറ്റുകളിൽ 160 വ്യത്യസ്ത മാമ്പഴങ്ങളാണ് പ്രദർശിപ്പിച്ചത്. ഇന്ത്യയിൽനിന്നും കേരളത്തിൽനിന്നുമുള്ള വ്യത്യസ്ത മാമ്പഴങ്ങളാണ് പ്രദർശനത്തിനെത്തിയിരിക്കുന്നത്.

ഇന്ത്യൻ കാർഷികോത്പന്നങ്ങളെ ഗൾഫ് വിപണിയിലെത്തിക്കുന്നതിനായി എല്ലാ വർഷവും ലുലു നടത്തി വരുന്ന മേളയാണ് മാമ്പഴോത്സവമെന്ന് എം എ യൂസുഫലി പറഞ്ഞു. ഇന്ത്യയിൽനിന്നുള്ള മാമ്പഴ വൈവിധ്യങ്ങളുടെ വൻ ശേഖരങ്ങളാണ് മേളക്കെത്തുന്നതെന്നും അദ്ദേഹം പറഞ്ഞു.

ദുബൈ വേൾഡ് ട്രേഡ് സെന്ററിൽ നടന്ന ഇന്ത്യാ പ്രദർശനത്തിന്റെ ഉദ്ഘാടനം യു എ ഇ വിദേശ വാണിജ്യ മന്ത്രി ശൈഖ ലുബ്ന ഉദ്ഘാടനം ചെയ്യുന്നു. എംകെ ഗ്രൂപ്പ് എംഡി എംഎ യൂസുഫലി സമീപം

ദുബൈ വേൾഡ് ട്രേഡ് സെന്ററിൽ നടന്ന ഇന്ത്യാ പ്രദർശനത്തിലെ ലുലു മാംഗോ സ്റ്റാൾ യുഎഇ വാണിജ്യ മന്ത്രി ശൈഖ ലുബ്ന സന്ദർശിക്കുന്നു. എംഎ യൂസുഫലി സമീപം

A touch of silk.
A scent of the romance.

Enchanteur®
Hand & Body Lotion
with MoistureSilk

Get optimum moisturisation for soft, silky skin with the enriching blend of Aloe Vera and Olive Butter.

ENCHANTEUR Hand & Body Lotion with MoistureSilk is delicately perfumed, leaving your skin with lingering scent and feeling irresistibly smooth.

Enchanteur®

The fragrance of French romance

Gentle moisturizing for younger looking skin.

Wipro Limited, Dubai Airport Free Zone Area, 4WA-422, Dubai, P.O. Box No 54609, UAE
Tel : +9714 2602113 | Fax : +9714 2602111 | Mob : +97150 3504573